09
2024
സെപ്റ്റംബർ
തിങ്കൾ
ചിങ്ങം 24

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.262 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-262 പേജ് 4. വില 2.00 രൂപ




02 ഐ ഐ എച്ച് ആറും ഐസിഫോസും ധാരണാപത്രം ഒപ്പുവെച്ചു
03 ഓണക്കാല പ്രത്യേക പരിശോധനയുമായി ലീഗൽ മെട്രോളജി
04 ഇസ്രയേൽ ആക്രമണം ശക്തം; ഗാസയിൽ 61 മരണം കൂടി

# വെള്ളമില്ലാതെ നരകയാതന

തിരുവനന്തപുരം : നാലു ദിവസം കുടിവെള്ളമില്ലാതെ നരകയാതന അനുഭവിച്ച തലസ്ഥാനത്തെ ജനങ്ങൾക്ക് ആശ്വാസം. പൈപ്പുകളുടെ അറ്റകുറ്റപ്പണി പൂർത്തിയായതോടെ രാത്രി പത്തോടെ തിരുവനന്തപുരം നഗരത്തിൽ പമ്പിങ് പുനഃരാരംഭിച്ചു. താഴ്ന്ന പ്രദേശങ്ങളിൽ ഒന്നര മണിക്കൂറിനുള്ളിലും ഉയർന്ന പ്രദേശങ്ങളിൽ മൂന്നുനാലു മണിക്കൂറിനുള്ളിലും വെള്ളമെത്തുമെന്നു മേയർ ആര്യ രാജേന്ദ്രൻ മാധ്യമങ്ങളെ അറിയിച്ചു. ജലവിതരണം പ്രശ്നം കണക്കിലെടുത്തു തിങ്കളാഴ്ച കോർപറേഷൻ പരിധിയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധിയാണ്. കേരള സർവകലാശാലാ പരീക്ഷകളും മാറ്റിവച്ചു.

ഞായറാഴ്ച വൈകിട്ട് നാലു മണിയോടെ നഗരത്തിലെ ജലവിതരണം പുനഃസ്ഥാപിക്കാൻ കഴിയുമെന്നായിരുന്നു ജലവിഭവ മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞിരുന്നത്. മന്ത്രി പറഞ്ഞ സമയത്തും വെള്ളം കിട്ടാതായതോടെ നാട്ടുകാർ പൊട്ടിത്തെറിച്ചു. ജില്ലാ കലക്ടറുടെ ഫെയ്സ്ബുക് പേജിലടക്കം പ്രതിഷേധ കമന്റുകൾ നിറഞ്ഞു.



പ്രശ്നം കൈവിട്ടുപോയതോടെ സർക്കാരിനെതിരെ ഭരണകക്ഷി എംഎൽഎ തന്നെ വിമർശനവുമായി രംഗത്തെത്തി. കുടിവെള്ള പ്രശ്നം പരിഹരിക്കാത്തതു കുറ്റകരമായ അനാസ്ഥയാണെന്നു വി.കെ.പ്രശാന്ത് എംഎൽഎ പറഞ്ഞു. ഉദ്യോഗസ്ഥരുടെ അലംഭാവത്തെ മന്ത്രി വി.ശിവൻകുട്ടി വിമർശിച്ചു. സമയപരിധിക്കുള്ളി!ൽ ജലവിതരണം പുനഃസ്ഥാപിക്കാൻ കഴിഞ്ഞില്ലെങ്കിൽ പകരം സംവിധാനം ഒരുക്കാതിരുന്നത് എന്തെന്നു ശിവൻകുട്ടി ചോദിച്ചു. സാങ്കേതിക കാര്യങ്ങൾ അറിയേണ്ടെന്നും ജനങ്ങൾക്ക് ശുദ്ധജലം വിതരണം ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ ഉദ്യോഗസ്ഥർ ജോലി മതിയാക്കി പോകണമെന്നും ആന്റണി രാജു എംഎൽഎ പറഞ്ഞു.

തിരുവനന്തപുരം കന്യാകുമാരി റെയിൽവേപാത ഇരട്ടിപ്പിക്കലിന്റെ ഭാഗമായി പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്ന നടപടികൾ ആരംഭിച്ചതോടെയാണു നഗരത്തിൽ കുടിവെള്ളം കിട്ടാതായത്. നാൽപതിലേറെ വാർഡുകളിൽ ജലവിതരണം മുടങ്ങിയതോടെ ലക്ഷക്കണക്കിനു പേർ പ്രയാസത്തിലായി. റെയിൽവേ ട്രാക്കിന് അടിയിലൂടെ പോകുന്ന 500 എംഎം, 700 എംഎം പൈപ്പുകളുടെ അലൈൻമെന്റ് മാറ്റുന്നതിനു വേണ്ടി 5, 6 തീയതികളിൽ പമ്പിങ് നിർത്തും എന്നായിരുന്നു ജല അതോറിറ്റിയുടെ അറിയിപ്പ്. എന്നാൽ പ്രവൃത്തി നീണ്ടതോടെ ശുദ്ധജലം കിട്ടാതെ ജനം വലഞ്ഞു. പകരം സംവിധാനമൊരുക്കുന്നതിൽ ജല അതോറിറ്റി അലംഭാവം കാട്ടിയതാണു പ്രശ്നം രൂക്ഷമാകാൻ കാരണം.

# ഓൺലൈൻ കുറ്റകൃത്യങ്ങളിലെ ഇടപെടൽ; കേരളത്തിന് കേന്ദ്ര പുരസ്കാരം

തിരുവനന്തപുരം: സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ നടത്തിവരുന്ന ഇടപെടലുകൾക്ക് കേന്ദ്ര അംഗീകാരം. ഇന്ത്യൻ സൈബർ ക്രൈം കോർഡിനേഷൻ സെന്ററിന്റെ (ക4ഇ) ആദ്യ സ്ഥാപക ദിനാഘോഷത്തോടനുബന്ധിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം പ്രഖ്യാപിച്ച പുരസ്കാരങ്ങളിലാണ് കേരളം നേട്ടം കൈവരിച്ചിരിക്കുന്നത്.

'സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ഓൺലൈൻ കുറ്റകൃത്യങ്ങളിൽ സജീവമായ ഇടപെടൽ' എന്ന വിഭാഗത്തിലാണ് കേരളത്തെ പുരസ്കാരത്തിനായി തിരഞ്ഞെടുത്തത്. ഈ രംഗത്ത് സംസ്ഥാന സർക്കാർ നടത്തിയ പ്രവർത്തനങ്ങളെ പരിഗണിച്ചാണ് പുരസ്കാരം. സെപ്റ്റംബർ 10ന് ന്യൂഡൽഹിയിലെ വിജ്ഞാൻ ഭവനിൽ നടക്കുന്ന ചടങ്ങിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പുരസ്കാരം കൈമാറും. കേരളത്തിന്റേത് അഭിമാനകരമായ നേട്ടമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ എക്സിൽ കുറിച്ചു. സുരക്ഷിതമായ ഡിജിറ്റൽ ഇടം ഉറപ്പാക്കാനുള്ള സർക്കാരിന്റെ പ്രതിബന്ധതയെ അംഗീകാരം എടുത്ത് കാണിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# അവയമാറ്റം കൂടുതൽ ഫലപ്രദമാക്കാൻ സർക്കാർ ഉപദേശക സമിതി

സംസ്ഥാനത്ത് അവയവം മാറ്റിവയ്ക്കൽ പ്രക്രിയ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കാൻ സർക്കാർ ഉപദേശക സമിതി രൂപീകരിച്ച് വിജ്ഞാപനമിറക്കിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. 1994ലെ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്ട് പ്രകാരമായിരിക്കും സമിതി പ്രവർത്തിക്കുക. അപ്രോപ്രിയേറ്റ് അതോറിറ്റിയെ സഹായിക്കുകയും മാർഗനിർദേശങ്ങൾ നൽകുകയും ചെയ്യുക എന്നതാണ് ഉപദേശക സമിതിയുടെ ചുമതലകൾ. അവയവദാന പ്രക്രിയ കൂടുതൽ സുതാര്യമാക്കാനുള്ള നടപടികളും സമിതി സ്വീകരിക്കുമെന്ന് മന്ത്രി പറഞ്ഞു.രണ്ട് വർഷത്തെ കാലാവധിയുള്ള ഉപദേശക സമിതിയുടെ അധ്യക്ഷൻ ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറിയാണ്. മെമ്പർ സെക്രട്ടറി, മെഡിക്കൽ വിദഗ്ധർ, സാമൂഹ്യപ്രവർത്തകർ, നിയമവിദഗ്ധർ, സർക്കാറിതര സംഘടന / അവയവം സ്വീകരിച്ചവരുടെ പ്രതിനിധികൾ എന്നിവരടങ്ങുന്നതാണ് 9 അംഗ സമിതി. കോട്ടയം സർക്കാർ മെഡിക്കൽ കോളേജ് പ്രൊഫസറും എച്ച്.ഒ.ഡി.യും കാർഡിയോ വാസ്കുലർ തൊറാസിക് സർജനും സൂപ്രണ്ടുമായ ഡോ. ടി.കെ. ജയകുമാർ, കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ക്ലിനിക്കൽ പ്രൊഫസറും ചീഫ് ട്രാൻസ്പ്ലാന്റ് സർജനുമായ എസ്. സുധീന്ദ്രൻ എന്നിവരാണ് സമിതിയിലെ മെഡിക്കൽ വിദഗ്ധർ.




# മാമി തിരോധാനത്തിൽ അജിത് കുമാറിന്റെ കറുത്ത കൈകൾ: പി.വി അൻവർ

കോഴിക്കോട്: റിയൽ എസ്റ്റേറ്റ് വ്യാപാരി ബാലുശ്ശേരി എരമംഗലം ആട്ടൂർ മുഹമ്മദി( മാമി 56)ന്റെ തിരോധാനത്തിൽ എ.ഡി.ജി.പി. അജിത് കുമാറിന് ഒളിഞ്ഞും തെളിഞ്ഞും പങ്കുണ്ടെന്ന് നിലമ്പൂർ എം.എൽ.എ. പി.വി. അൻവർ. മാമി തിരോധാനത്തിൽ എം.ആർ. അജിത് കുമാറിന്റെ കറുത്ത കൈകൾ ദൃശ്യമാവുന്നുണ്ട്. അതിനുള്ള തെളിവുകളുണ്ടെന്നും അദ്ദേഹം കോഴിക്കോട്ട് മാധ്യമപ്രവർത്തകരോട് പറഞ്ഞു.

'മാമി ഭൂമിയിൽനിന്ന് നിഷ്കാസനം ചെയ്യപ്പെട്ടതാണോ ക്രമിനൽ സംഘങ്ങളുടെ കേന്ദ്രങ്ങളിൽ ബന്ധിക്കപ്പെട്ടിരിക്കുകയാണോ എന്നൊന്നും നമുക്ക് പറയാൻ കഴിയില്ല. നാടും സമൂഹവുമായി ബന്ധപ്പെട്ട് കിടക്കുന്ന, ഒരുപാട് കച്ചവട ബന്ധങ്ങളുള്ള മനുഷ്യൻ എവിടെയെങ്കിലും ജീവിച്ചിരിപ്പുണ്ടെങ്കിൽ ഏതെങ്കിലുമൊരു കോണിൽനിന്ന് ഒരു സൂചനയെങ്കിലും നമുക്ക് കിട്ടുമല്ലോ. ഒരു സൂചനയും കിട്ടാത്തതിന്റെ അടിസ്ഥാനത്തിൽ, സ്വാഭാവികമായും ഒരു മനുഷ്യേനുണ്ടാവുന്ന സാമാന്യബുദ്ധിയുടെ ഭാഗമായി മാമി കൊല്ലപ്പെട്ടിട്ടുണ്ടോയെന്ന് ഞാൻ ഇപ്പോഴും സംശയിക്കുന്നു', അൻവർ പറഞ്ഞു.



"സുജിത് ദാസും അജിത് കുമാറും ഒരച്ഛന്റെ രണ്ടു മക്കളാണ്. അജിത് കുമാർ ഏട്ടനാണ്. കള്ളനും കള്ളനൊപ്പം കക്കുകയും പിന്നെ ഛർദിക്കുകയും ചെയ്ത ടീമുകളാണ്. കടലിൽ വീണവൻ രക്ഷിക്കാൻ എല്ലാ വഴിയും നോക്കില്ലേ, ആ വഴിതേടിയാണ് നാലുദിവസം അജിത് കുമാർ ലീവെടുത്തത്" അദ്ദേഹം ആരോപിച്ചു.

'മാമി തിരോധാനത്തിനു പിന്നിലെ ദുരൂഹത എന്തായിരിക്കാം എന്ന സംശയം എനിക്കുണ്ട്. കേസിനെ ബാധിക്കുന്നതായതിനാൽ ഇപ്പോൾ പറയുന്നില്ല. എന്റെ തോന്നലുകളും കിട്ടിയ തെളിവുകളും സൂചനാത്തെളിവുകളും മുദ്രവെച്ച കവറിൽ ക്രൈംബ്രാഞ്ച് ഐ.ജിക്കും പ്രത്യേക അന്വേഷണസംഘത്തിന്റെ തലവൻ എന്ന നിലയിൽ ഡിജിപിക്കും കൈമാറും. ക്രൈംബ്രാഞ്ച് അന്വേഷണം കഴിയുന്നത് വരെയെങ്കിലും കുടുംബവും ആക്ഷൻ കമ്മിറ്റിയും കാത്തിരിക്കണം. തത്കാലം സി.ബി.ഐ. അന്വേഷണം എന്ന ആവശ്യത്തിൽ മുന്നോട്ടില്ലെന്ന് ഹൈക്കോടതിയിൽ പറയണം. സി.ബി.ഐ. വന്നതുകൊണ്ട് കേസ് തെളിയുമെന്ന് വിശ്വസിക്കുന്നില്ല. സി.ബി.ഐയെ തള്ളിപ്പറയുകയല്ല, പക്ഷേ അജിത് കുമാറിനും സംഘത്തിനും സി.ബി.ഐ. അടക്കമുള്ള മേഖലകളിൽ വ്യക്തിപരമായ ബന്ധമുണ്ട്', അൻവർ പറഞ്ഞു.

രാഷ്ട്രീയ വിഷയങ്ങളിൽ ഇനി പ്രതികരണമില്ല. താനുന്നയിച്ച വിഷയങ്ങളിൽ അന്വേഷണ ഏജൻസിയെ സഹായിക്കുന്ന തെളിവുകൾ നൽകുന്ന ആളുകളുമായി ബന്ധപ്പെട്ട പ്രതികരണങ്ങൾ മാത്രമേ ഇനിയുള്ള ദിവസങ്ങളിൽ പ്രതീക്ഷിക്കേണ്ടതുള്ളൂ. അജിത് കുമാർ നൊട്ടോറിയസ് ക്രമിനലാണെന്ന് ആവർത്തിച്ച് പറയുന്നു. ഉത്തരവാദിത്തത്തോടെയാണ് കേരളത്തിലെ ഒരു എ.ഡി.ജി.പിയെ നൊട്ടോറിയസ് ക്രമിനിൽ എന്ന് വിളിക്കുന്നത്. ഇപ്പോൾ അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥന്മാർ സത്യസന്ധമായി അന്വേഷണം നടത്തിയാൽ അദ്ദേഹം നൊട്ടോറിയസ് ക്രിമിനൽ ആണെന്ന് കേരളം കണ്ടിരിക്കുമെന്നും അൻവർ കൂട്ടിച്ചേർത്തു

## മാരിടൈംലോയിൽ ഗൗതം വിശ്വത്തിന് ഒന്നാം റാങ്ക്

ഗുജറാത്ത് മാരിടൈം ലോ യൂണിവേഴ്സിറ്റിയിൽ 2024 മെയ് ൽ നടന്ന മാസ്റ്റർ ഓഫ് മാരിടൈം ലോ (ഘഘങ ങ മൃശശോല ഘമം) യിൽ ഒന്നാം റാങ്ക് തിരുവനതപുരം പട്ടം വിശ്വസംഗീതം വീട്ടിൽ അഡ്വ. ഗൗതം വിശ്വം കരസ്ഥമാക്കി...

മാരിടൈം വിദഗ്ധനും, ലോക മലയാളി കൗൺസിൽ ബ്ളൂ ഇക്കോണമി ഫോറം ഗ്ളോബൽ ചെയർമാൻ,ട്രിവാൻഡറും ചേംബർ ഓഫ് കോമേഴ്സ് എക്സിക്യൂട്ടീവ് മെമ്പർ, മാരിടൈം ബിസിനസ് ബുള്ളറ്റിൻ ചീഫ് എഡിറ്റർ, അഡ്വ ശ്രീ നാണു വിശ്വനാഥന്റെ യും, വെള്ളായണി കാർഷിക കോളേജ് അസി.പ്രൊഫസർ ഡോ. കെ . ജി സംഗീത വിശ്വനാഥന്റെ യും മകൻ ആണ് . സിദ്ധാർത്ഥ് വിശ്വം സഹോദരൻ..

# സൗജന്യ ഓണക്കിറ്റ് വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം

ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ 6 ലക്ഷത്തോളം വരുന്ന എ.എ.വൈ (മഞ്ഞ) കാർഡുടമകൾക്കും വിവിധ ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാരായ എൻ.പി.ഐ കാർഡുടമകൾക്കും വയനാട് ദുരന്തബാധിത മേഖലയിലെ എല്ലാ റേഷൻകാർഡ് ഉടമകൾക്കുമുള്ള സൗജന്യ ഓണക്കിറ്റ് വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം രാവിലെ 8 മണിക്ക് തിരുവനന്തപുരം പേരൂർക്കട ബാപ്പൂജി ഗ്രന്ഥശാല ഓഡിറ്റോറിയത്തിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ. അനിൽ നിർവഹിക്കും. ഓണക്കിറ്റുകൾ സംസ്ഥാനത്തെ റേഷൻ കടകൾ വഴി നാളെ മുതൽ വിതരണം ആരംഭിക്കും. ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാർക്ക് സെപ്റ്റംബർ 10 മുതൽ ഉദ്യോഗസ്ഥർ കിറ്റുകൾ നേരിട്ട് എത്തിക്കും. ക്ഷേമസ്ഥാപനങ്ങളിൽ താമസിക്കുന്നവരിൽ 4 പേർക്ക് ഒരു കിറ്റ് എന്ന രീതിയിലാണ് വിതരണം ചെയ്യുക. മുൻ വർഷങ്ങളിലേതുപോലെ സംസ്ഥാനത്തെ പൊതുമേഖല സ്ഥാപനങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടാണ് കിറ്റിലെ ഉൽപ്പന്നങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. ചെറുപയർ പരിപ്പ്, സേമിയ പായസം മിക്സ്, മിൽമ നെയ്യ്, കശുവണ്ടിപ്പരിപ്പ്, വെളിച്ചെണ്ണ, സാമ്പാർപൊടി, മുളക്പൊടി, മഞ്ഞൾപൊടി, മല്ലിപ്പൊടി, തേയില, ചെറുപയർ, തുവരപ്പരിപ്പ്, പൊടിയുപ്പ് എന്നീ ആവശ്യസാധനങ്ങളും തുണിസഞ്ചിയും ഉൾപ്പെടെ 14 ഇനങ്ങൾ ഉൾപ്പെട്ടതാണ് ഓണക്കിറ്റ്.

# യങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം: കൊല്ലത്തിന് ഒന്നാംസ്ഥാനം

കെ ഡിസ്ക് സംഘടിപ്പിച്ച യങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം (വൈ ഐ പി) ശാസ്ത്രപഥം 7.0 സ്കൂൾ വിഭാഗം വിദ്യാർഥികളുടെ ആശയ സമർപ്പണം പൂർത്തിയായി. 1,98,123 വിദ്യാർഥികൾ രജിസ്റ്റർ ചെയ്തു. 17,020 ടീമുകൾ ആശയങ്ങൾ സമർപ്പിച്ചു. 3000 ആശയങ്ങൾ സമർപ്പിച്ച് സംസ്ഥാന തലത്തിൽ കൊല്ലം ഒന്നാം സ്ഥാനം നേടി.

സ്കൂൾ തലത്തിൽ ഏറ്റവുമധികം ആശയസമർപ്പണം നടത്തി പാലക്കാട് ജില്ലയിലെ ജി.ഒ.എച്ച്.എസ് എടത്തനാട്ടുക്കര ഒന്നാമതെത്തി. 446 ആശയങ്ങളാണ് സമർപ്പിച്ചത്. ഈ സ്കൂളിലെ അധ്യാപിക സുനിത എ മികച്ച വൈ ഐ പി ഫെസിലിറ്റേറ്ററായി. 853 ആശയങ്ങൾ സമർപ്പിച്ച് ബി. ആർ. സി തലത്തിലെ ഒന്നാംസ്ഥാനം കൊല്ലം ബി. ആർ. സി സ്വന്തമാക്കി. ഏറ്റവും കൂടുതൽ കുട്ടികൾ പങ്കെടുത്ത ജില്ല എന്ന നേട്ടം തൃശൂർ സ്വന്തമാക്കി. സമർപ്പിച്ച ആശയങ്ങളുടെ മൂല്യനിർണയം ഈ മാസം നടക്കും. ജില്ലാതല മൂല്യനിർണ്ണയം ഒക്ടോബറിലും സംസ്ഥാനതല മൂല്യനിർണയം നവംബറിലും നടക്കും. കോളേജ്തല രജിസ്ട്രേഷൻ 11ന് ആരംഭിക്കും.

# സ്പോട്ട് അഡ്മിഷൻ

പൂജപ്പുര എൽ ബി എസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വുമണിൽ പോളി ടെക്നിക് ഡിപ്ലോമ പ്രവേശനത്തിന് കമ്പ്യൂട്ടർ സയൻസ് ആൻഡ് എൻജിനിയറിങ്, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എൻജിനിയറിങ്, സിവിൽ എൻജിനിയറിങ് എന്നീ വിഭാഗങ്ങളിലെ ഒഴിവുള്ള സീറ്റുകളിൽ 9 മുതൽ 13 വരെ സ്പോട്ട് അഡ്മിഷൻ നടത്തും. നിലവിൽ അപേക്ഷ സമർപ്പിച്ചവർക്കും, ഇതുവരെ അപേക്ഷകൾ ഒന്നും സമർപ്പിക്കാത്തവർക്കും കോളേജിൽ നേരിട്ട് ഹാജരായി അഡ്മിഷൻ എടുക്കാം.

അസൽ സർട്ടിഫിക്കറ്റുകളും (SSLC/THSLC/CBSE/ICSE സർട്ടിഫിക്കറ്റ്, ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്, കോണ്ടക്ട് സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ക്രീമിലെയർ സർട്ടിഫിക്കറ്റ്, ആധാറിന്റെ പകർപ്പ്) ആവശ്യമായ ഫീസ് എന്നിവ സഹിതം കോളേജിൽ നേരിട്ടെത്തണം. SC/ST/OEC എന്നിവർക്ക് അർഹമായ ഫീസിളവ് ലഭിക്കും. വിശദ വിവരങ്ങൾക്ക്: 9142022415, 9895983656, 9995595456, 9497000337, 9496416041

# സംസ്ഥാന ഫയൽ അദാലത്ത് 30ന്

സംസ്ഥാനത്തെ വിദ്യാഭ്യാസ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനതല ഫയൽ അദാലത്ത് സെപ്റ്റംബർ 30ന് രാവിലെ 9.30ന് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നടക്കും. എറണാകുളം, കൊല്ലം, കോഴിക്കോട് മേഖലകളായി തിരിച്ച് ജില്ലാ അദാലത്തുകൾ നടത്തിയിരുന്നു. സംസ്ഥാന ഫയൽ അദാലത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലും, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി വിഭാഗങ്ങളിലും 31.12.2023 വരെ ആരംഭിച്ചിട്ടുള്ളതും, നിലവിൽ തീർപ്പാകാതെ ശേഷിക്കുന്നതുമായ ഫയലുകൾക്ക് മുൻഗണന നൽകും. ഫയൽ അദാലത്തിൽ പരിഗണിക്കുന്നുതിനായി ആവശ്യമെങ്കിൽ കക്ഷികൾക്ക് ബന്ധപ്പെട്ട ഫയലുകളുമായി ബന്ധപ്പെട്ട് അപേക്ഷകൾ/ പരാതികൾ 18 വരെ പൊതവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഒ&എം വിഭാഗത്തിൽ നേരിട്ടോ statelevelfileadalathge@gmail.com ലോ സമർപ്പിക്കാം.

# കർഷക കടാശ്വാസ കമ്മിഷൻ

സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ ഇടുക്കിയിൽ സിറ്റിംഗ് നടത്തും. ഇടുക്കി പൈനാവ് സർക്കാർ അഥിതി മന്ദിരത്തിൽ 10, 11 തീയതിയിലാണ് സിറ്റിംഗ്. സിറ്റിംഗിൽ ചെയർമാൻ ജസ്റ്റിസ് (റിട്ട.) കെ. അബ്രഹാം മാത്യുവും കമ്മീഷൻ അംഗങ്ങളും പങ്കെടുക്കും. രാവിലെ 9ന് സിറ്റിംഗ് ആരംഭിക്കും. ഈ ദിവസങ്ങളിൽ ഹാജരാകുന്നതിനായി അപേക്ഷകർക്കും ധനകാര്യ സ്ഥാപനങ്ങൾക്കും നോട്ടീസ് അയച്ചിട്ടുണ്ട്.

# ഐ ഐ എച്ച് ആറും ഐസിഫോസും ധാരണാപത്രം ഒപ്പുവെച്ചു

കേരള സർക്കാർ ഇലക്ട്രോണിക്സ്, വിവരസാങ്കേതികവിദ്യ വകുപ്പിനുകീഴിലുള്ള സ്വതന്ത്ര സോഫ്റ്റ്വെയർ ഹാർഡ്വെയർ ഗവേഷണ സ്ഥാപനമായ ഐസിഫോസും ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ചിനു കീഴിലുള്ള ഹോർട്ടികൾച്ചറൽ രംഗത്തെ പ്രമുഖ ഗവേഷണ സ്ഥാപനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾച്ചറൽ റിസർച്ചും സഹകരിച്ചുള്ള പ്രവർത്തനങ്ങൾക്ക് ധാരണാപത്രം ഒപ്പുവെച്ചു. സ്വതന്ത്ര ഹാർഡ്വെയർ, ഐഒടി, കാലാവസ്ഥ നിരീക്ഷണം, എംൽ/എഐ തുടങ്ങിയ സാങ്കേതിക മേഖലയിലുള്ള ഐസിഫോസിന്റെ വൈദഗ്ധ്യവും കാർഷികമേഖലയിലുള്ള ഐഐഎച്ച്ആറിന്റെ വൈദഗ്ധ്യവും കാർഷിക/ഹോർട്ടികൾച്ചറൽ മേഖലയിൽ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായാണ് പരസ്പര സഹകരണത്തിന് ധാരണയിൽ എത്തിച്ചേർന്നത്.

ബെംഗളൂരുവിലെ ഐഐഎച്ച്ആർ കാര്യാലയത്തിൽ നടന്ന ചടങ്ങിൽ ഐഐഎച്ച്ആർ മേധാവി ഡോ. തുഷാർ കാന്തി ബെഹ്റയും ഐസിഫോസ് മേധാവി ഡോ. സുനിൽ ടി ടി യും ധാരണാപത്രത്തിൽ ഒപ്പുവച്ചു. ഐ ഐ എച്ച് ആർ പ്രിൻസിപ്പൽ സയന്റിസ്റ്റുമാരായ ഡോ. ഇ . ശ്രീനിവാസ റാവു, ഡോ. സെന്തിൽ കുമരൻ, ഡോ. ജി കരുണാകരൻ, ഡോ. ശ്രീധർ കുട്ടം, ഐസിഫോസ് മാനേജർ ജയകുമാർ കെ.എസ് എന്നിവർ പങ്കെടുത്തു.

# വർക്കിംഗ് പ്രൊഫഷണൽ ഡിപ്ലോമ സ്പോട്ട് അഡ്മിഷൻ

202425 അദ്ധ്യയന വർഷത്തെ വർക്കിംഗ് പ്രൊഫഷണൽ ഡിപ്ലോമ പ്രവേശനത്തിനുള്ള സ്ഥാപനാടിസ്ഥാനത്തിലുള്ള സ്പോട്ട് അഡ്മിഷൻ 9 മുതൽ 12 വരെ നടക്കും. www.polyadmission.org/wp ൽ പ്രസിദ്ധീകരിച്ചിട്ടുള്ള സമയക്രമമനുസരിച്ച് സ്ഥാപനത്തിൽ നേരിട്ടെത്തണം.നിലവിൽ ലഭ്യമായ ഒഴിവുകൾ പോളിടെക്നിക് കോളേജ് അടിസ്ഥാനത്തിൽ www.polyadmission.org യിലെ വേക്കൻസി പൊസിഷൻ എന്ന ലിങ്ക് വഴി അറിയാം.

സ്പോട്ട് അഡ്മിഷൻ സമയക്രമമനുസരിച്ച് ഓരോ ദിവസവും ഹാജരാകുന്നവർ ഡേ രജിസ്ട്രേഷൻ നടത്തണം. അതു പ്രകാരം ലഭിക്കുന്ന ഡിപ്പാർട്ട്മെന്റ് ക്വാട്ട / +2 VHSE / ITI KGCE റാങ്ക് ലിസ്റ്റിന്റെ ക്രമത്തിൽ വിവിധ സംവരണ തത്വങ്ങൾ പാലിച്ചായിരിക്കും പ്രവേശനം.

# വൈദ്യുതി റഗുലേറ്ററി കമ്മിഷൻ: തെളിവെടുപ്പ് സ്ഥലം മാറ്റി

കെ.എസ്.ഇ.ബി ലിമിറ്റഡ് 2024 ജൂലൈ 01 മുതൽ 2027 മാർച്ച് 31 വരെയുള്ള കാലയളവിലേക്ക് സമർപ്പിച്ച താരിഫ് പരിഷ്ക്കരണ നിർദേശങ്ങളിൽ പൊതുജനങ്ങളുടെ അഭിപ്രായം തേടുന്നതിനായി സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മിഷൻ 11ന് പി.എം.ജി പ്രിയദർശിനി പ്ലാനിറ്റേറിയം ഹാളിൽ നടത്താനിരുന്ന പൊതുതെളിവെടുപ്പ് വെള്ളയമ്പലം പഞ്ചായത്ത് ഭവനിലെ അസോസിയേഷൻ ഹാളിലേക്ക് മാറ്റി. തെളിവെടുപ്പ് രാവിലെ 10.30ന് ആരംഭിക്കും.

# ലക്ചറർ ഇന്റർവ്യൂ

തിരുവനന്തപുരം വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക് കോളേജിൽ പുതിയതായി ആരംഭിച്ച ഈവനിംഗ് വർക്കിംഗ് പ്രൊഫഷണൽ ഡിപ്ലോമ കോഴ്സിലേക്ക് ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എൻജിനിയറിങ്, സിവിൽ എൻജിനിയറിങ് ലക്ചറർ തസ്തികയിൽ താൽക്കാലിക നിയമനം നടത്തും.സിവിൽ എൻജിനിയറിങ് ഇന്റർവ്യൂ 9 നും ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് ഇന്റർവ്യൂ 10 നും രാവിലെ 10 മണിക്ക് കോളേജിൽ നടക്കും. നിശ്ചിത യോഗ്യതയുള്ളവർ അസൽ സർട്ടിഫിക്കറ്റ് സഹിതം കോളേജിൽ നേരിട്ട് ഹാജരാകണം.

# ദിവ്യകലാമേള 19 മുതൽ

കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷനിൽ നിന്നും എൻ.ഡി.എഫ്.ഡി.സി വായ്പയെടുത്ത ഗുണഭോക്താക്കൾക്ക് അവരുടെ തൊഴിൽ സംരംഭങ്ങൾ മുഖേന നിർമിച്ച ഉത്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിൽക്കുന്നതിനും ദേശീയ ദിവ്യാംഗൻ ധനകാര്യ വികസന കോർപ്പറേഷൻ ആന്ധ്രപ്രദേശിലെ വിശാഖപട്ടണത്ത് 19 മുതൽ 29 വരെ മേള സംഘടിപ്പിക്കും.

മേളയിൽ പങ്കെടുക്കാൻ താത്പര്യമുള്ളവരും മുമ്പ് മേളയിൽ പങ്കെടുത്തിട്ടില്ലാത്തവരുമായ ഗുണഭോക്താക്കൾ പേരും മറ്റ് വിശദാംശങ്ങളും ഉത്പന്നങ്ങളുടെ ഫോട്ടോയും സഹിതം 9ന് വൈകിട്ട് 3നകം അപേക്ഷ സവെുംര2017@ഴാമശഹ.രീാ ലേക്ക് അയയ്ക്കണം. അപേക്ഷാഫോമും മറ്റു വിശദാംശങ്ങളും www.hpwc.kerala.gov.in ൽ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക്: 04712322065, 9497281896.

# ട്രേഡ് ടെക്നീഷ്യൻ

നെയ്യാറ്റിൻകര സർക്കാർ പോളിടെക്നിക് കോളേജിൽ ജനറൽ വർക്ക്ഷോപ്പിൽ കാർപ്പെന്ററി, ഫിറ്റിംഗ്, ഷീറ്റ്മെറ്റൽ, ടാർണിംഗ് ട്രേഡുകളിൽ ട്രേഡ് ടെക്നീഷ്യൻ തസ്തികയിലേക്ക് താൽക്കാലിക നിയമനം നടത്തും. അഭിമുഖത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ള ഉദ്യോഗാർഥികൾ വയസ്, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം 11ന് രാവിലെ 10.30ന് പ്രിൻസിപ്പലിന്റെ ഓഫീസിൽ നേരിട്ട് ഹാജരാകണം. ഫോൺ : 0471 2222935, 9400006418.

# ചികിത്സ ധനസഹായം വർദ്ധിപ്പിച്ചു

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ക്ഷേമനിധി പദ്ധതിയിൽ അംഗത്വമുള്ള തൊഴിലാളികൾക്ക് അനുവദിക്കുന്ന ചികിത്സാ സഹായം 15000 രൂപയായി വർദ്ധിപ്പിച്ച് സർക്കാർ വിജ്ഞാപനമായി. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിലെ സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേക്ക് മാറുന്നതിന്റെ ഭാഗമായി വിവിധ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ ഒക്ടോബർ 1 മുതൽ ഓൺലൈൻ ആയി സമർപ്പിക്കാം. പദ്ധതിയിൽ പുതുതായി അംഗത്വം നേടുന്ന തൊഴിലാളികൾക്ക് ഓൺലൈനായി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്നതിനുള്ള സൗകര്യം സജ്ജമാക്കിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക്: http://unorganizedwssb.org, 0471 2464240.

# ഡെപ്യൂട്ടേഷൻ നിയമനം

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിന്റെ മലപ്പുറം ജില്ലാ ഓഫീസിൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുന്നു. വിവിധ സർക്കാർ വകുപ്പുകളിൽ ജൂനിയർ സൂപ്രണ്ട്/ തൊഴിൽ വകുപ്പിന്റെ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് കക തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് അപേക്ഷിക്കാം.

(ശമ്പള സ്കെയിൽ 43,400 91,200). മാതൃവകുപ്പിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം, കെ.എസ്.ആർ പാർട്ട്ക, റൂൾ144 പ്രകാരമുള്ള സ്റ്റേറ്റ്മെന്റ്, ഡിക്ലറേഷൻ എന്നിവ സഹിതമുള്ള അപേക്ഷ വകുപ്പ് മേധാവികൾ മുഖേന സമർപ്പിക്കണം.

അപേക്ഷകൾ ഒക്ടോബർ 10നകം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയം T.C-43/1039, കൊച്ചാർ റോഡ്, ചെന്തിട്ട, ചാല പി.ഒ, തിരുവനന്തപുരം36 എന്ന വിലാസത്തിൽ ലഭിക്കണം. ഫോൺ: 0471 2464240.

# മന്ത്രി ഫ്ലാഗ് ഓഫ് നിർവഹിച്ചു

സർക്കാരിന്റെ നൂറു ദിന കർമപരിപാടിയിൽ ഉൾപ്പെടുത്തി ലീഗൽ മെട്രോളജി വകുപ്പ് നടത്തുന്ന ജാഗ്രത, ക്ഷമത പദ്ധതികളുടെ ഫ്ലാഗ് ഓഫ് ഭക്ഷ്യ ലീഗൽ മെട്രോളജി വകുപ്പ് മന്ത്രി ജി. ആർ. അനിൽ തിരുവനന്തപുരത്ത് നിർവഹിച്ചു.

സംസ്ഥാനമോട്ടാകെ 15000 വ്യാപാരസ്ഥാപനങ്ങൾ പരിശോധിച്ച് നിയമലംഘനങ്ങൾ ഉണ്ടെങ്കിൽ ഉത്തരവാദികൾക്കെതിരെ പിഴയുൾപ്പെടെയുള്ള ശിക്ഷാ നടപടികളും പ്രോസീക്യൂഷൻ നടപടികളും കൈക്കൊള്ളുന്ന പദ്ധതിയാണ് ജാഗ്രത. ആയിരം പമ്പുകൾ പരിശോധിച്ച് അളവിൽ വ്യത്യാസമോ കൃത്രിമമോ ഉണ്ടെങ്കിൽ തുടർ നടപടികൾ സ്വീകരിക്കുന്ന പദ്ധതിയാണ് ക്ഷമത.

# റെഡ് ആർമിയുമായി യാതൊരു ബന്ധവുമില്ല: പി. ജയരാജൻ

പാലക്കാട്: റെഡ് ആർമിയുമായി തനിക്ക് യാതൊരു ബന്ധവുമില്ലെന്ന് സിപിഎം നേതാവ് പി.ജയരാജൻ. തനിക്ക് പാർട്ടിയുടെ നവമാധ്യമങ്ങളുമായി മാത്രമാണ് ബന്ധം. പി.ജെ ആർമിയുമായി തനിക്ക് യാതൊരു ഇടപെടലുമില്ലെന്ന് നേരത്തെ തന്നെ തെളിഞ്ഞതാണ്.

സർക്കാരിൽ സമാന്തര അധികാര സംവിധാനമുണ്ടെന്ന് കരുതുന്നില്ല. പി.വി.അൻവർ എംഎൽഎ ഉന്നയിച്ച വിഷയങ്ങളിൽ മുഖ്യമന്ത്രിയും പാർട്ടി സെക്രട്ടറിയും കൃത്യമായ നിലപാട് പറഞ്ഞിട്ടുണ്ട്. സമകാലീന രാഷ്ട്രീയ വിഷയങ്ങൾ ഉൾപ്പെടുത്തിയുള്ള തൻറെ പുസ്തകം വൈകാതെ പുറത്തിറങ്ങുമെന്നും ജയരാജൻ പാലക്കാട്ട് പറഞ്ഞു.

പി.ജെ ആർമിയും താനും തമ്മിൽ ഒരു ബന്ധവുമില്ലെന്ന് കണ്ടതോടെ പുതിയ പ്രചാരണം ആരംഭിച്ചിരിക്കുകയാണ്. പാർട്ടി സമ്മേളനങ്ങൾ നടക്കുന്നതിനിടയിൽ തെറ്റിദ്ധാരണകൾ പടർത്താൻ പല സംഭവങ്ങളും നടക്കുന്നുണ്ടെന്നും ജയരാജൻ പറഞ്ഞു.

# ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ സിറ്റിങ്

കൊല്ലം ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ സുനിത വിമൽ സെപ്റ്റംബർ 9, 23, 30 തീയതികളിൽ കോട്ടയത്തും 11ന് പുനലൂരിലും 28 തീയതികളിൽ പീരുമേടും 24ന് തൊടുപുഴയിലും മറ്റു പ്രവൃത്തിദിനങ്ങളിൽ ആസ്ഥാനത്തും തൊഴിൽ തർക്ക കേസുകളും, എപ്ലോയീസ് ഇൻഷുറൻസ് കേസുകളും, എംപ്ലോയീസ് കോമ്പൻസേഷൻ കേസുകളും വിചാരണ നടത്തും.

# കുടുംബശ്രീ ഹരിതകർമ സേനാംഗങ്ങൾക്ക് ആയിരം രൂപ ഓണം ഉത്സവബത്ത

സംസ്ഥാനത്ത് കുടുംബശ്രീയുടെ കീഴിലുള്ള 34,627 ഹരിതകർമ സേനാംഗങ്ങൾക്ക് ഓണം ആഘോഷിക്കാൻ സർക്കാരിന്റെ പിന്തുണ. ഹരിതകർമ സേനാംഗങ്ങൾക്ക് ഉത്സവ ബത്തയായി തദ്ദേശസ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും ആയിരം രൂപ വീതം അനുവദിക്കുന്നതിന് കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവയ്ക്ക് അനുമതി നൽകി സർക്കാർ ഉത്തരവായി. 2023ലും ഹരിതകർമ സേനാംഗങ്ങൾക്ക് ഉത്സവ ബത്ത അനുവദിച്ചിരുന്നു. സമാനരീതിയിൽ ഈ വർഷവും ഉത്സവബത്ത ലഭ്യമാക്കണമെന്ന് അഭ്യർഥിച്ചു കൊണ്ട് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിന് കത്തു നൽകിയത് പരിഗണിച്ചാണ് നടപടി.

# സൈബർ സെക്യൂരിറ്റി പ്രോഗ്രാം

ഡിജിറ്റൽ സർവകലാശാല നടത്തുന്ന ഒരു വർഷത്തെ റസിഡൻഷ്യൽ സൈബർ സെക്യൂരിറ്റി പ്രോഗ്രാമിൽ അപേക്ഷിക്കാം. എസ്.സി വിഭാഗത്തിന് സൗജന്യതാമസവും പഠനവും യാത്രാ സൗകര്യവും ലഭിക്കും. 17 നകം രജിസ്റ്റർ ചെയ്യണം. വെബ്സൈറ്റ്: https://duk.ac.in/skills. ഫോൺ: 7025925225.

# എൽ.ഡി ക്ലാർക്ക് ഡെപ്യൂട്ടേഷൻ

കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽ എൽ.ഡി ക്ലാർക്കിന്റെ ഒഴിവിൽ ഡെപ്യൂട്ടേഷൻ നിയമനം നടത്തും. സർക്കാർ സർവ്വീസിൽ സമാന തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് അപേക്ഷിക്കാം. 20 ന് വൈകിട്ട് 5 നകം രജിസ്ട്രാർ, കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ, റെഡ്ക്രോസ് റോഡ്, തിരുവനന്തപുരം എന്ന വിലാസത്തിൽ അപേക്ഷ ലഭിക്കണം. വിശദവിവരങ്ങൾക്ക്:www.medicalcouncil.kerala.gov.in.

# എച്ച് എസ് ടി മലയാളം ഒഴിവ്

തിരുവനന്തപുരം എയ്ഡഡ് സ്കൂളിൽ എച്ച്.എസ്.ടി മലയാളം വിഭാഗത്തിൽ ഭിന്നശേഷി ഉദ്യോഗാർഥിക്കായി (കേൾവി കുറവ്1) സംവരണം ചെയ്ത തസ്തികയിൽ ഒഴിവുണ്ട്. മലയാളം ബിരുദവും ബി.എഡ്/ ബി.ടി/ എൽ.ടി പാസായിരിക്കണം. വയസ് 1840 (ഭിന്നശേഷിക്കാർക്ക് നിയമാനുസൃതമായ വയസിളവുണ്ട്). ഉദ്യോഗാർഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി അതാത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ 11 നകം പേര് രജിസ്റ്റർ ചെയ്യണം.

# പാഠ പുസ്തക ഇൻഡന്റ് നൽകണം

202425 അധ്യയന വർഷം സംസ്ഥാന സിലബസ് പിൻതുടരുന്ന സ്കൂളുകളിലെ പരിഷ്കരിക്കപ്പെട്ട പാഠ്യപദ്ധതിയിലുള്ള ഒമ്പതാം ക്ലാസിലെ രണ്ടാം വാല്യം 'തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം പാട്ട് ബി' യ്ക്കുള്ള ഇൻഡന്റ് 9 മുതൽ 12 വരെ ഓൺലൈനായി രേഖപ്പെടുത്താം. വിശദമായ സർക്കുലർ http://education.kerala.gov.in ൽ ലഭ്യമാണ്.

# 1,500 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിച്ചു

സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങളുടെ ധനശേഖരണാർഥം 1,500 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിച്ചു. ഇതിനായുള്ള ലേലം സെപ്റ്റംബർ 10ന് റിസർവ് ബാങ്കിന്റെ മുംബൈ ഫോർട്ട് ഓഫീസിൽ ഇ കുബേർ സംവിധാനം വഴി നടക്കും.

ലേലം സംബന്ധിച്ച വിജ്ഞാപനത്തിനും (നമ്പർ: എസ്.എസ്1/396/2024ഫിൻ. തിയതി 05.09.2024) വിശദാംശങ്ങൾക്കും ധനവകുപ്പിന്റെ വെബ്സൈറ്റ് (www.finance.kerala.gov.in) സന്ദർശിക്കുക.

# സ്പോട്ട് അഡ്മിഷൻ

202425 അധ്യയന വർഷത്തിലെ സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ / എയ്ഡഡ് / സ്വാശ്രയ പോളിടെക്നിക് കോളേജുകളിലെ വർക്കിംഗ് പ്രൊഫഷണൽ ഡിപ്ലോമ പ്രവേശനത്തിന് സ്ഥാപനാടിസ്ഥാനത്തിലുള്ള സ്പോട്ട് അഡ്മിഷൻ സെപ്റ്റംബർ 9 മുതൽ 12 വരെ അതതു സ്ഥാപനങ്ങളിൽ നടത്തും. വർക്കിംഗ് പ്രൊഫഷണൽ ഡിപ്ലോമ പ്രവേശനം നടത്തുന്നതിന് പുതുതായി അംഗീകാരം ലഭിച്ചിട്ടുള്ള സ്വാശ്രയ പോളിടെക്നിക് കോളേജുകളിലേയ്ക്കും അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. വിശദ വിവരങ്ങൾ: www.po-ly-a-dm-i-ssion.or-g/wp എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

അപേക്ഷകർ www.po-ly-a-dm-i-ssion.or-g/wp ൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഷെഡ്യൂളിൽ പ്രതിപാദിച്ചിരിക്കുന്ന സമയക്രമമനുസരിച്ച് സ്ഥാപനത്തിൽ നേരിട്ട് ഹാജരാകണം. സ്പോട്ട് അഡ്മിഷനിൽ അപേക്ഷകന് ഏത് സ്ഥാപനത്തിലേയും ഏത് ബ്രാഞ്ചുകളിലേയ്ക്കും പുതിയ ഓപ്ഷൻ നൽകാവുന്നതാണ്. മതിയായ അപേക്ഷകൾ ലഭിച്ചിട്ടില്ലാത്ത സ്ഥാപനങ്ങളിലേയ്ക്ക് നിലവിൽ ഇതുവരെ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തവർക്കും സെപ്റ്റംബർ 7 മുതൽ ഓൺലൈനായോ നേരിട്ട് സ്ഥാപനത്തിൽ ഹാജരായോ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. നിലവിൽ ലഭ്യമായ ഒഴിവുകൾ പോളിടെക്നിക് കോളേജ് അടിസ്ഥാനത്തിൽ www.po-ly-a-dm-i-ssion.or-g എന്ന വെബ്സൈറ്റിലെ V-a-c-an-cy Po-si-tion എന്ന ലിങ്ക് വഴി മനസ്സിലാക്കാവുന്നതാണ്.

# ജി.സി.സിയിലും മലേഷ്യയിലും നോർക്ക ലീഗൽ കൺസൾട്ടന്റ്

സംസ്ഥാന സർക്കാർ സ്ഥാപനമായ നോർക്ക റൂട്ട്സിന്റെ പ്രവാസി നിയമസഹായ പദ്ധതിയിലേയ്ക്ക് കേരളീയരായ ലീഗൽ കൺസൾട്ടന്റുമാരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. സൗദി അറേബ്യ (ദമ്മാം, റിയാദ്, ജിദ്ദ), യുഎഇ (ഷാർജ), ഒമാൻ (മസ്കറ്റ്), ഖത്തർ (ദോഹ), മലേഷ്യ (ക്വാലാലംപൂർ), ബഹ്റൈൻ (മനാമ) എന്നിവിടങ്ങളിലാണ് ഒഴിവ്. അഭിഭാഷകനായി കേരളത്തിലും അപേക്ഷ നൽകുന്ന രാജ്യത്തും കുറഞ്ഞത് 2 വർഷം നിയമമേഖലയിൽ പ്രവൃത്തി പരിചയം വേണം. താൽപര്യമുള്ളവർ www.nor-k-aroo-ts.or-g സന്ദർശിച്ച് അപേക്ഷാഫോം ഡൗൺലോഡ് ചെയ്യണം. പൂരിപ്പിച്ച അപേക്ഷയുടെ സ്കാൻ ചെയ്ത കോപ്പിയും മറ്റ് അനുബന്ധ രേഖകളുടെ പകർപ്പുകളും ceo.norka@kerala.gov.in ലേക്ക് 20 നകം അയയ്ക്കണം.

വിദേശ രാജ്യങ്ങളിലെ നിയമത്തെക്കുറിച്ചുള്ള അജ്ഞത, ചെറിയ കുറ്റകൃത്യങ്ങൾ എന്നിവ മൂലവും, തന്റെതല്ലാത്ത കാരണങ്ങളാലും നിയമക്കുരുക്കിൽ അകപ്പെടുന്ന പ്രവാസികേരളീയർക്കായി സംസ്ഥാന സർക്കാർ നോർക്ക റൂട്ട്സ് വഴി നടപ്പിലാക്കുന്ന പദ്ധതിയാണിത്. കൂടുതൽ വിവരങ്ങൾക്ക് ടോൾ ഫ്രീ നമ്പറുകളായ 1800 425 3939 (ഇന്ത്യയിൽ നിന്നും) +918802 012 345 (വിദേശത്തുനിന്നും, മിസ്സ്ഡ് കോൾ സർവ്വീസ്) ബന്ധപ്പെടാം.

# ക്ഷേമ പെൻഷൻ വിതരണം

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷമനിധി ബോർഡിലെ പെൻഷൻ ഗുണഭോക്താക്കൾക്ക് ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ പെൻഷൻ വിതരണം ചെയ്യാൻ തീരുമാനമായി. ബോർഡിലെ 16849 പെൻഷൻകാർക്കും 3758 കുടുംബ പെൻഷൻകാർക്കും 492 സാന്ത്വന പെൻഷൻകാർക്കും ഓണം പ്രമാണിച്ച് പെൻഷൻ ലഭിക്കും.



തിരുവനന്തപുരം ജില്ലയിലെ കുടിവെള്ളക്ഷാമം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് മന്ത്രി വി.ശിവൻകുട്ടിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം

# ഓണക്കാല പ്രത്യേക പരിശോധനയുമായി ലീഗൽ മെട്രോളജി

ഓണ വിപണിയിൽ അളവ് തൂക്ക ക്രമക്കേടുകൾ പൂർണമായും ഒഴിവാക്കുന്നതിന് പരിശോധന നടത്തുമെന്ന് തിരുവനന്തപുരം ജില്ല ലീഗൽ മെട്രോളജി ഡെപ്യൂട്ടി കൺട്രോളർ അറിയിച്ചു.

പെട്രോൾ പമ്പുകളിൽ വിതരണം ചെയ്യുന്ന ഇന്ധനത്തിന്റെ അളവിൽ സംശയമുണ്ടെങ്കിൽ അവിടെ സൂക്ഷിച്ചിരിക്കുന്ന മുദ്ര ചെയ്ത 5 ലിറ്ററിന്റെ പാത്രം ഉപയോഗിച്ച് പരിശോധിക്കുമെന്നും പാചകവാതക വിതരണ വാഹനങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന ത്രാസ് ഉപയോഗിച്ച് സിലിണ്ടറിന്റെ തൂക്കം ബോധ്യപ്പെടാവുന്നതാണെന്നും ലീഗൽ മെട്രോളജി വകുപ്പ് അറിയിച്ചു.

സെപ്റ്റംബർ അഞ്ചിന് ആരംഭിച്ച പരിശോധന 14 വരെ തുടരും. അളവിലും തൂക്കത്തിലും ഉള്ള വെട്ടിപ്പ്, യഥാസമയം പുനഃ പരിശോധന നടത്തി കൃത്യത ഉറപ്പു വരുത്താത്ത അളവ് തൂക്ക ഉപകരണങ്ങൾ ഉപയോഗിച്ചുള്ള വ്യാപാരം, നിർബന്ധിതമായ പ്രഖ്യാപനങ്ങൾ ഇല്ലാതെയുള്ള പാക്കറ്റ് ഉൽപ്പന്നങ്ങളുടെ വിൽപ്പന എന്നിവ കണ്ടെത്തുന്നതിന് ജില്ലയിൽ പെട്രോൾ പമ്പുകൾ, ഗ്യാസ് ഏജൻസികൾ, സൂപ്പർമാർക്കറ്റുകൾ, ഇലക്ട്രിക് ഇലക്ട്രോണിക് ഉൽപന്ന വ്യാപാര സ്ഥാപനങ്ങൾ, ടെക്സ്റ്റൈലുകൾ, പഴംപച്ചക്കറി മാർക്കറ്റുകൾ തുടങ്ങി എല്ലാ വ്യാപാര സ്ഥാപനങ്ങളിലും വ്യാപകമായ പരിശോധന നടത്തും.

ഡെപ്യൂട്ടി കൺട്രോളർമാരായ സന്തോഷ് എം എസ്, പ്രദീപ് പി എസ് എന്നിവരുടെ നേതൃത്വത്തിൽ രണ്ട് സ്ക്വാഡുകളായാണ് ജില്ലയിൽ പരിശോധന. ലീഗൽ മെട്രോളജി വകുപ്പിനെ താഴെപ്പറയുന്ന നമ്പറുകളിൽ പരാതികൾ അറിയിക്കാം.

ഡെപ്യൂട്ടി കൺട്രോളർ: 8381698011, 8381698020, ഫ്ലയിങ് സ്ക്വാഡ് ഇൻസ്പെക്ടർ: 9188525701, അസിസ്റ്റന്റ് കൺട്രോളർ: 8381698012, ഇൻസ്പെക്ടർ തിരുവനന്തപുരം: 8381698013, ആറ്റിങ്ങൽ: 8381698015, നെടുമങ്ങാട്: 8381698016, നെയ്യാറ്റിൻകര: 8381698017, 8381698018, കാട്ടാക്കട: 9400064081, വർക്കല : 9400064080.

# റെറ രജിസ്ട്രേഷനില്ലാതെ ടൗൺഷിപ്പ് വികസനം: റിയലൈൻ പ്രോപർട്ടീസിന് ഒരു കോടി രൂപ പിഴ

കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യാതെ 22 ഏക്കറോളം ഭൂമിയിൽ ടൗൺഷിപ്പ് വികസിപ്പിച്ച് വില്ല, അപാർട്ട്മെന്റ് യൂണിറ്റുകൾ വില്ക്കുന്ന 'റിയലൈൻ പ്രോപർട്ടീസ്' എന്ന പ്രൊമോട്ടർക്ക് അതോറിറ്റി ഒരു കോടി രൂപ പിഴ വിധിച്ചു. കോഴിക്കോട് പന്തീരാങ്കാവ് പെരുമണ്ണ ഗ്രാമപഞ്ചായത്തിൽ ലൈഫ് ലൈൻ ഗ്രീൻ സിറ്റി എന്ന പേരിൽ വില്ല, അപാർട്ട്മെന്റ് പദ്ധതികൾ സമൂഹമാധ്യമങ്ങളിലും പ്രൊമോട്ടറുടെ വെബ്സൈറ്റിലും വില്പനയ്ക്കായി പരസ്യപ്പെടുത്തി വരികയായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ജൂലൈയിൽ പ്രൊമോട്ടർക്ക് കെ റെറ കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ആഗസ്റ്റ് 16ന് നടന്ന വാദങ്ങൾക്കു ശേഷമാണ് പിഴ വിധിച്ചത്.

ഉത്തരവു കൈപ്പറ്റി മുപ്പതു ദിവസത്തിനകം പദ്ധതി റെറയിൽ രജിസ്റ്റർ ചെയ്യാനും അതോറിറ്റി വിധിച്ചു. റെറ നിയമം ലംഘിച്ച് വികസന പ്രവൃത്തികൾ നടക്കുന്ന സാഹചര്യത്തിൽ പെരുമണ്ണ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ടൗൺഷിപ്പിൽ നടക്കുന്ന എല്ലാ നിർമാണ പ്രവർത്തനങ്ങളും തടഞ്ഞ് സ്റ്റോപ്പ് മെമ്മോ നൽകാനും കോഴിക്കോട് ജില്ല രജിസ്ട്രാറോട് പദ്ധതിയുമായി ബന്ധപ്പെട്ട് നടക്കുന്ന കരാർ, ആധാര രജിസ്ട്രേഷനുകൾ നിർത്തി വയ്ക്കാനും അതോറിറ്റി നിർദ്ദേശിച്ചു.

# സമൂഹ്യസുരക്ഷാ പെൻഷൻ വിഹിതം വകമാറ്റുന്നുവെന്ന പ്രചാരണം തെറ്റ്

സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ കേന്ദ്രവിഹിതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് വകമാറ്റുന്നുവെന്നത് തെറ്റായ പ്രചാരണമാണെന്ന് ധനവകുപ്പ് അറിയിച്ചു. സംസ്ഥാന, കേന്ദ്ര വിഹിതം രണ്ടു വ്യത്യസ്ത ശീർഷകങ്ങളിൽ നിന്ന് രണ്ടു ബില്ലുകളായാണ് അനുവദിക്കുന്നത്.

സംസ്ഥാന വിഹിതം അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത ശേഷം ഒന്നോ രണ്ടോ ദിവസത്തിന് ശേഷം കേന്ദ്രവിഹിതം ക്രെഡിറ്റ് ചെയ്യപ്പെടുന്നതുകൊണ്ടുള്ള തെറ്റിദ്ധാരണയാണിത്. സംസ്ഥാന വിഹിതം ഗുണഭോക്താവ് നൽകിയിട്ടുള്ള ബാങ്ക് അക്കൗണ്ടിലും കേന്ദ്രവിഹിതം അവസാനമായി ആധാറുമായി ബന്ധിപ്പിച്ചിട്ടുള്ള അക്കൗണ്ടിലേക്കുമാണ് വരിക.

വാതിൽപ്പടി വിതരണത്തിലൂടെ തുക ലഭിക്കുന്നവർക്ക് കേന്ദ്രവിഹിതം മാത്രമായി പിന്നീട് ലഭിക്കുന്ന സ്ഥിതിയുമുണ്ട്. ഇത് താത്ക്കാലിക സാങ്കേതിക പ്രശ്നമാണെന്ന് ധനവകുപ്പ് അറിയിച്ചു. 1600 രൂപ എന്ന ഏകീകൃത നിരക്കിലാണ് സംസ്ഥാന സർക്കാർ സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിക്കുന്നത്. എന്നാൽ ഇന്ദിരാഗാന്ധി ദേശീയ വാർധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, വിധവ പെൻഷൻ എന്നിവയിൽ കേന്ദ്രവിഹിതം യഥാക്രമം 200, 300, 500 രൂപയാണ്. സംസ്ഥാന സർക്കാർ കേന്ദ്രവിഹിതം മുൻകൂർ അനുവദിക്കുകയും പിന്നീട് കണക്കുകൾ സമർപ്പിക്കുന്ന മുറയ്ക്ക് കേന്ദ്രത്തിൽ നിന്ന് തുക ലഭിക്കുകയുമാണ് ചെയ്യുന്നത്.

# ഓണനാളുകൾ ക്ഷേമകരമാക്കാൻ ധനസഹായ വിതരണം: മന്ത്രി ഡോ. ബിന്ദു

ഓണത്തിന് മുന്നോടിയായി ക്ഷേമനടപടികളുമായി സാമൂഹ്യനീതി വകുപ്പ്. സാമൂഹ്യ സുരക്ഷാമിഷൻ വഴി വിവിധ പദ്ധതികളിലൂടെ ധനസഹായം അനുവദിച്ചതായി ഉന്നതവിദ്യാഭ്യാസസാമൂഹ്യനീതി മന്ത്രി ഡോ. ആർ ബിന്ദു അറിയിച്ചു.

സാമൂഹ്യസുരക്ഷാ മിഷൻ മുഖേന നടപ്പാക്കുന്ന ആശ്വാസകിരണം പദ്ധതി പ്രകാരം അനുവദിച്ച പത്തു കോടി രൂപ വിനിയോഗിച്ച് അർഹരായ ഗുണഭോക്താക്കാർക്ക് അഞ്ചു മാസത്തെ ധനസഹായം അനുവദിച്ചു. ആശ്വാസകിരണം പദ്ധതിയിൽ ലൈഫ് സർട്ടിഫിക്കറ്റ്, ആധാർ കാർഡ് ബാങ്ക് പാസ് ബുക്ക് എന്നിവ ലഭ്യമാക്കിയ അർഹരായ 26765 പേർക്കാണ് അഞ്ചു മാസത്തെ ധനസഹായം അനുവദിച്ചത്. അർഹരായ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് മുഖേന ധനസഹായ വിതരണം ആരംഭിച്ചു. എൻഡോസൾഫാൻ ദുരിതബാധിതരായ 5293 പേർക്ക് അഞ്ചു കോടിയുടെ ധനസഹായം നൽകുന്നതിനും നടപടികളായതായി മന്ത്രി പറഞ്ഞു.

മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമായ കിടപ്പിലായ രോഗികളെയും മാനസികശാരീരിക വെല്ലുവിളി നേരിടുന്നവരെയും ഗുരുതര രോഗങ്ങളുള്ളവരെയും പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് 'ആശ്വാസകിരണം'.

കാസർഗോഡ് ജില്ലാ കളക്ടർ അംഗീകരിച്ച് നൽകിയ ദുരിതബാധിതരുടെ പട്ടിക പ്രകാരം ദീർഘകാല ചികിൽസ ആവശ്യമുള്ളവരും രോഗാവസ്ഥയിലുള്ളവരും തൊഴിലെടുക്കാനാകാതെ വീട്ടിനുള്ളിൽ കഴിയുന്നവരുമായവരിൽ നിന്ന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഭിന്നശേഷി പെൻഷൻ ലഭിക്കുന്നവർക്ക് 1700 രൂപയും ഭിന്നശേഷി പെൻഷൻ ലഭിക്കാത്തവർക്ക് 2200 രൂപയും എൻഡോസൾഫാൻ ദുരിതബാധിതരായ മറ്റുള്ളവർക്ക് 1200 രൂപയും വീതം പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സ്നേഹസാന്ത്വനം പദ്ധതി.

ഇതിനുപുറമെ, സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി പ്രകാരം എൻഡോസൾഫാൻ ദുരിത ബാധിതരെ പരിചരിക്കുന്നവർക്ക് 700 രൂപ നിരക്കിൽ നൽകുന്ന പ്രതിമാസ ധനസഹായം 775 പേർക്കും അനുവദിച്ചിട്ടുണ്ടെന്ന് മന്ത്രി അറിയിച്ചു.

## ഓപ്ഷൻ രജിസ്ട്രേഷൻ ആരംഭിച്ചു

കേരളത്തിലെ സർക്കാർ കോളജുകളിലെയും സ്വാശ്രയ കോളജുകളിലെയും ആയുർവേദ, ഹോമിയോ, സിദ്ധ, യുനാനി, അഗ്രിക്കൾച്ചർ, ഫോറസ്ട്രി, ഫിഷറീസ്, വെറ്ററിനറി, കോ ഓപ്പറേഷൻ ആൻഡ് ബാങ്കിങ്, ക്ലൈമറ്റ് ചെയ്ഞ്ച് ആൻഡ് എൻവയൺമെന്റൽ സയൻസ്, ബി.ടെക് ബയോടെക്നോളജി (കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ളത്) കോഴ്സുകളിലേക്കുള്ള ഒന്നാംഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് ആരംഭിച്ചു.

നീറ്റ് യു.ജി മാനദണ്ഡപ്രകാരം പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച ആയുർവേദ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ആയുർവേദ കോഴ്സുകളിലേക്കും മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് മെഡിക്കൽ/ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കും www.cee.kerala.gov.in വഴി 9ന് വൈകിട്ട് 3വരെ ഓപ്ഷൻ രജിസ്ട്രേഷൻ ചെയ്യാം. ഹെൽപ് ലൈൻ: 0471 2525300.

## പി. ആർ. ഡിയെ സംബന്ധിച്ചു വന്ന പ്രചാരണം വാസ്തവവിരുദ്ധം

പി. ആർ. ഡിയെ സംബന്ധിച്ചു വന്ന വാർത്ത വാസ്തവവിരുദ്ധമാണെന്ന് ഇൻഫർമേഷൻ പബ്ളിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ അറിയിച്ചു. നവകേരള സദസ് സർക്കാരിന്റെ സമൂഹമാധ്യമ പേജുകൾ വഴി ലൈവ് സ്ട്രീമിംഗ് ചെയ്യുന്നതിനായി വകുപ്പിന്റെ വീഡിയോ സ്ട്രിംഗർ പാനലിൽ ഉള്ളവരെയും ജില്ലാ അടിസ്ഥാനത്തിൽ ക്വട്ടേഷൻ ക്ഷണിച്ച് ചുമതല ഏൽപ്പിച്ചവരെയുമാണ് നിയോഗിച്ചത്. സംസ്ഥാന സർക്കാരിനു വേണ്ടി പി. ആർ. ഡി സംഘടിപ്പിക്കുന്ന ഇത്തരം പരിപാടികളിൽ കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ചാണ് ജോലികൾ ഏൽപ്പിക്കുന്നത്. ഇത്തരം പരിപാടികളുടെ ബില്ലുകൾ കോസ്റ്റ് കമ്മിറ്റിയും ടെക്നിക്കൽ കമ്മിറ്റിയും ഉൾപ്പെടെ പരിശോധിച്ച ശേഷം മാത്രമാണ് തുക നൽകുന്നതും. വാർത്ത നൽകുന്നതിന് മുമ്പ് പി. ആർ. ഡിയിൽ അന്വേഷിച്ച് വസ്തുത മനസിലാക്കാൻ ശ്രമിച്ചിരുന്നെങ്കിൽ തെറ്റായ വാർത്ത ഒഴിവാക്കാൻ കഴിയുമായിരുന്നു.

## അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ പി ഡി സി സി ഓൺകോ പത്തോളജി ആൻഡ് ഫെല്ലോഷിപ്പ് ഇൻ ഓങ്കോളജിക് ഇമേജിങ് പ്രോഗ്രാമുകളിൽ അപേക്ഷ ക്ഷണിച്ചു. 18 ന് വൈകിട്ട് നാല് മണി വരെ അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾക്കും അപേക്ഷാ ഫോമിനും: www.rcctvm.gov.in.

## പോളിടെക്നിക് ഡിപ്ലോമ: മൂന്നാം സ്പോട്ട് അഡ്മിഷൻ

സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ / എയ്ഡഡ് / സർക്കാർ കോസ്റ്റ് ഷെയറിങ് / സ്വാശ്രയ പോളിടെക്നിക് കോളേജുകളിലെ പോളിടെക്നിക് ഡിപ്ലോമ പ്രവേശനത്തിന്റെ സ്ഥാപനാടിസ്ഥാനത്തിലുള്ള മൂന്നാം സ്പോട്ട് അഡ്മിഷൻ 9 മുതൽ 12 വരെ അതാതു സ്ഥാപനങ്ങളിൽ നടത്തും.അപേക്ഷകർ www.polyadmission.org യിൽ പ്രസിദ്ധീകരിച്ച സമയക്രമമനുസരിച്ച് സ്ഥാപനത്തിൽ നേരിട്ട് ഹാജരാകണം. ഇതുവരെ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തവർക്ക് ഓൺലൈനായോ നേരിട്ട് സ്ഥാപനത്തിൽ ഹാജരായോ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് അപേക്ഷ നൽകാം.

## വീഡിയോ എഡിറ്റിങ്ങിന് അപേക്ഷിക്കാം

കേരള മീഡിയ അക്കാദമി തിരുവനന്തപുരം സെന്ററിൽ സെപ്റ്റംബർ 24 ന് ആരംഭിക്കുന്ന ആറുമാസം ദൈർഘ്യമുള്ള വീഡിയോ എഡിറ്റിംഗ് കോഴ്സിൽ സീറ്റുകൾ ഒഴിവുണ്ട്. യോഗ്യത പ്ലസ് ടു. ഫീസ് 34500 രൂപ. ഫോൺ: 9400048282.

## സ്പോട്ട് അഡ്മിഷൻ

പൂജപ്പുര എൽ.ബി.എസ് വനിത എൻജിനിയറിങ് കോളജിൽ ബി.ടെക് എൻ.ആർ.ഐ സ്പോട്ട് അഡ്മിഷൻ നടത്തും. തിരുവനന്തപുരം എൽ.ബി.എസ് സെന്ററിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൂജപ്പുര എൽ.ബി.എസ് വനിത എൻജിനിയറിങ് കോളജിലെ ഒഴിവുള്ള ബി.ടെക് എൻ.ആർ.ഐ (സിവിൽ) സീറ്റുകളിൽ 9 ന് സ്പോട്ട് അഡ്മിഷൻ നടത്തും. കൂടുതൽ വിവരങ്ങൾക്ക്: 9895983656 / 9995595456 / 9447329978.

## എച്ച് ഡി സി ആൻഡ് ബി എം സ്പോട്ട് അഡ്മിഷൻ

തിരുവനന്തപുരം കുറവൻകോണം സഹകരണ പരിശീലന കോളജിലെ എച്ച്ഡിസി ആൻഡ് ബിഎം കോഴ്സിൽ ഒഴിവുള്ള സീറ്റിലേക്ക് 10 ന് സ്പോട്ട് അഡ്മിഷൻ നടത്തും. ഡിഗ്രി പാസായവർക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: 8848745524, 8547506990.

## സ്കോളർഷിപ്പിന് അപേക്ഷിക്കാം

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്ത തിരുവനന്തപുരം ജില്ലയിലെ അംഗങ്ങളുടെ മക്കൾക്ക് 202425 അധ്യയന വർഷത്തെ പഠന മികവിനുള്ള സ്കോളർഷിപ്പിന് അപേക്ഷ നൽകാം. ഒക്ടോബർ 31നകം കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ തിരുവനന്തപുരം ജില്ലാ ഓഫീസിൽ അപേക്ഷ ലഭിക്കണം. ഫോൺ: 04712448451.

## യൂണിഫോം: പ്രൊപ്പോസൽ ക്ഷണിച്ചു

202425 ലെ സ്കൂൾ ഒളിമ്പിക്സ്/ നാഷണൽ മത്സരങ്ങളിൽ പങ്കെടുക്കുന്ന വിദ്യാർഥികൾക്കും ഒഫിഷ്യൽസിനും യൂണിഫോം ലഭ്യമാക്കുന്നതിന് വിവിധ വിതരണക്കാരിൽ നിന്ന് പ്രൊപ്പോസൽ ക്ഷണിച്ചു. 23നകം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് പ്രൊപ്പോസൽ ലഭിക്കണം.

## കേന്ദ്രീകൃത കൗൺസിലിങ് 12 ന്

വിദേശത്ത് മെഡിക്കൽ വിദ്യാഭ്യാസം പൂർത്തിയാക്കുകയും തുടർന്ന് കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽ നിന്ന് പ്രൊവിഷണൽ രജിസ്ട്രേഷൻ നേടിയതുമായ എഫ് എം ജി വിദ്യാർത്ഥികൾക്ക് സർക്കാർ മെഡിക്കൽ ഇന്റേൺഷിപ്പ് അനുവദിക്കുന്നതിനുള്ള കേന്ദ്രീകൃത കൗൺസിലിങ്ങും മോപ് അപ്പ് അലോട്ട്മെന്റും 12 ന് തിരുവനന്തപുരം മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൽ നടക്കും. വിശദ വിവരങ്ങൾക്കും, വിജ്ഞാപനത്തിനും: www.dme.kerala.gov.in.

## പള്ളിക്കു തീവച്ചത് ഐഎസ് അനുഭാവി

ഫ്രാൻസ്: കഴിഞ്ഞ തിങ്കളാഴ്ച രാവിലെ സെൻറ് ഒമെർ പട്ടണത്തിലെ അമലോത്ഭവമാതാ പള്ളിക്കു തീവച്ചയാൾ കുറ്റം സമ്മതിച്ചതായി പോലീസ് അറിയിച്ചു.

തീപിടിത്തത്തിൽ 1859ൽ പണിത പള്ളിയുടെ മേൽക്കൂരയും മണിമാളികയും തകർന്നുവീഴുകയുണ്ടായി. അക്രമി നിരവധി കേസുകളിലെ പ്രതിയും ജയിൽശിക്ഷ അനുഭവിച്ചിട്ടുള്ള ആളുമാണ്.

ഇതിനോടകം 15 പള്ളികൾ കത്തിക്കാൻ ശ്രമിച്ചിട്ടുണ്ട്. വിവിധ കുറ്റകൃത്യങ്ങൾക്ക് 25 തവണ ശിക്ഷിക്കപ്പെട്ടിട്ടുള്ള ഇയാൾ തീവ്ര ഇടതുപക്ഷ, ഇസ്ലാമിക, ക്രൈസ്തവവിരുദ്ധ പ്രവൃത്തികൾക്കു പോലീസിൻറെ നോട്ടപ്പുള്ളിയായിരുന്നു. ഐഎസിൻറെ അനുഭാവിയുമാണ്.

ഫ്രാൻസിലെ ആഭ്യന്തര മന്ത്രാലയത്തിൻറെ കണക്കനുസരിച്ച് 2023ൽ ഫ്രാൻസിൽ മാത്രം ക്രൈസ്തവർക്കും സ്ഥാപനങ്ങൾക്കുമെതിരേ ആയിരത്തോളം ആക്രമണങ്ങൾ നടന്നു. ഇതിൽ 90 ശതമാനവും പള്ളികൾക്കും സെമിത്തേരികൾക്കും നേരേ ആയിരുന്നു.

## മകനെ കൊലപ്പെടുത്തിയ ശേഷം പിതാവ് സ്വയം വെടിവച്ച് ജീവനൊടുക്കി

ഭോപ്പാൽ: മധ്യപ്രദേശിൽ ആറ് വയസുകാരനായ മകനെ കൊലപ്പെടുത്തിയതിന് ശേഷം പിതാവ് സ്വയം വെടിവച്ച് ജീവനൊടുക്കി. കട്നി ജില്ലയിലെ കോട്വാലി പോലീസ് സ്റ്റേഷൻ പരിധിയിലെ നയ് ബസ്തി പ്രദേശത്താണ് സംഭവം നടന്നതെന്ന് അഡീഷണൽ സൂപ്രണ്ട് ഓഫ് പോലീസ് (എഎസ്പി) സന്തോഷ് ദെഹാരിയ പറഞ്ഞു.

മായങ്ക് അഗ്രഹാരി എന്നയാളാണ് തന്റെ മകൻ ശുഭിനെ വെടിവച്ച് കൊന്നത്. ഭാര്യ മാൻവി അഗ്രഹാരിക്കും (30) നേരെ ഇയാൾ വെടിയുതിർത്തു. എന്നാൽ ഇവർ രക്ഷപെട്ടുവെന്ന് പോലീസ് പറഞ്ഞു. ഭാര്യ ഓടിയതിന് പിന്നാലെയാണ് ഇയാൾ ജീവനൊടുക്കിയത്.

സംഭവത്തിന് പിന്നിലെ കാരണം വ്യക്തമല്ലെന്നും പോലീസ് അന്വേഷണം നടത്തിവരികയാണെന്നും ഉദ്യോഗസ്ഥർ അറിയിച്ചു.

## പ്രളയക്കെടുതി തടഞ്ഞില്ല; ഉത്തരകൊറിയയിൽ ഉദ്യോഗസ്ഥർക്കു വധശിക്ഷ

സിയൂൾ: ഉത്തരകൊറിയയിൽ പ്രളയക്കെടുതി തടയുന്നതിൽ വീഴ്ച വരുത്തിയ മുപ്പതോളം ഉദ്യോഗസ്ഥരെ വധശിക്ഷയ്ക്കു വിധേയരാക്കി. ചൈനാ അതിർത്തിയിലുള്ളചാഗാംഗ് പ്രവിശ്യയിൽ ജൂലൈയിലുണ്ടായ പ്രളയത്തിൽ 4000 പേർ മരിച്ചിരുന്നു.

ജൂലൈ അവസാനമാണ് പ്രസിഡൻറ് കിം ജോംഗ് ഉന്നിന്റെ ഉത്തരവു പ്രകാരം ഉദ്യോഗസ്ഥരുടെ വധശിക്ഷ നടപ്പാക്കിയത്. കൃത്യസമയത്ത് നടപടികൾ എടുത്തിരുന്നെങ്കിൽ മരണസംഖ്യ കുറയ്ക്കാമെന്നായിരുന്നു ഉത്തരകൊറിയൻ അധികൃതരുടെ നിലപാട്.

വധശിക്ഷയ്ക്കു വിധേയരായവരുടെ പേരുവിവരങ്ങൾ ലക്ഷ്യമായിട്ടില്ല. കോവിഡ് മഹാമാരിക്കുശേഷം ഉത്തരകൊറിയയിൽ വധശിക്ഷയ്ക്കു വിധിക്കപ്പെടുന്നവരുടെ എണ്ണം വൻതോതിൽ ഉയർന്നിട്ടുണ്ട്.

## സർക്കാർ നഴ്സിങ് കോളജിൽ ലക്ചറർ

പത്തനംതിട്ട സർക്കാർ നഴ്സിങ് കോളജിൽ ഒഴിവുള്ള എട്ട് താത്കാലിക ബോണ്ടഡ് ലക്ചറർ തസ്തികയിൽ അഭിമുഖം നടത്തും. ഉദ്യോഗാർഥികൾ വിശദമായ ബയോഡാറ്റ, യോഗ്യത, പ്രവൃത്തിപരിചയം, വയസ്, ആധാർ മുതലായവയുടെ അസൽ രേഖകളുമായി 18ന് രാവിലെ 11.30ന് പത്തനംതിട്ട സർക്കാർ നഴ്സിങ് കോളജിൽ നേരിട്ട് ഹാജരാകണം. സർക്കാർ നഴ്സിങ് കോളജുകളിൽനിന്ന് എം.എസ്.സി നഴ്സിങ് പാസായവർക്കും അവരുടെ അഭാവത്തിൽ സ്വാശ്രയ കോളജുകളിൽനിന്നും എം.എസ്.സി നഴ്സിങ് വിജയിച്ച കെ.എൻ.എം.സി രജിസ്ട്രേഷനുള്ളവർക്കും അഭിമുഖത്തിൽ പങ്കെടുക്കാം. 202223 അധ്യയന വർഷം എം.എസ്.സി നഴ്സിങ് കോഴ്സിന് പ്രവേശനം നേടിയ വിദ്യാർഥികളെ നിർബന്ധിത ഇന്റേൺഷിപ്പിന് ലഭിക്കുന്നത് വരെയോ അല്ലെങ്കിൽ പരമാവധി ഒരു വർഷം വരെ ഏതാണോ ആദ്യം വരുന്നത് അടിസ്ഥാനമാക്കിയാണ് നിയമനം. പ്രതിമാസം 25,000 രൂപ സ്റ്റൈപന്റ് ലഭിക്കും. വിശദ വിവരങ്ങൾക്ക്: 04682994534, 9746789505.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# 202324 കാലയളവിലെ വിറ്റുവരവിൽ മിൽമയ്ക്ക് 5.52 ശതമാനം വർധന

## ക്ഷീരകർഷകർക്ക് 100 രൂപ സബ്സിഡി നിരക്കിൽ 50 ദിവസത്തേക്ക് കാലിത്തീറ്റ

തിരുവനന്തപുരം: പാൽ, പാലുൽപ്പന്ന വിറ്റുവരവിൽ വർധന രേഖപ്പെടുത്തി കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ(മിൽമ). മിൽമയുടെയും മേഖല യൂണിയനുകളുടെയും 202324 കാലയളവിലെ ആകെ വിറ്റുവരവിൽ 5.52 ശതമാനത്തിൻറെ വർധനവാണ് രേഖപ്പെടുത്തിയത്. 202223 സാമ്പത്തിക വർഷത്തിൽ 4119.25 കോടി രൂപയുടെ വിറ്റുവരവ് ആയിരുന്നത് 202324 ൽ 4346.67 കോടി രൂപയായിട്ടാണ് വർധിച്ചത്. വയനാട് കൽപ്പറ്റയിലെ മിൽമ ഡെയറിയിൽ നടന്ന മിൽമയുടെ 51ാമത് വാർഷിക ജനറൽ ബോഡി യോഗത്തിലാണ് ഇതുമായി ബന്ധപ്പെട്ട കണക്കുകൾ അവതരിപ്പിച്ചത്.

ഫെഡറേഷൻറെ 70.18 കോടിയുടെ കാപിറ്റൽ ബജറ്റും 589.53 കോടി രൂപയുടെ റവന്യൂ ബജറ്റും യോഗത്തിൽ അവതരിപ്പിച്ചു. ക്ഷീരകർഷകർക്ക് ഓണസമ്മാനമായി കാലിത്തീറ്റ ചാക്ക് ഒന്നിന് 100 രൂപ സബ്സിഡി നിരക്കിൽ 50 ദിവസത്തേക്ക് നൽകാനും തീരുമാനിച്ചു.

സംസ്ഥാനത്ത് പാലുൽപ്പാദനം കുറയുന്നതിലെ ആശങ്ക യോഗം പങ്കുവച്ചു. പാലുൽപ്പാദനം വർധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളാനും യോഗം സർക്കാരിനോട് അഭ്യർഥിച്ചു. കൂടുതൽ വൈവിധ്യമുള്ള ഉത്പന്നങ്ങൾ പുറത്തിറക്കി ഉപഭോക്താക്കളിൽ എത്തിച്ചും ഉപഭോക്താക്കളുടെ താത്പര്യങ്ങൾ തിരിച്ചറിഞ്ഞ് വിപണിയിൽ സജീവമായ ഇടപെടൽ നടത്താനും നൂതനസാങ്കേതിക മാറ്റങ്ങൾ ഉൾക്കൊണ്ടു കൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിക്കാനുമുള്ള തീരുമാനങ്ങളും യോഗം കൈക്കൊണ്ടു.

പാലുൽപ്പാദനം വർധിപ്പിക്കുന്നതിനും ക്ഷീരകർഷകരുടെ ക്ഷേമം മുൻനിർത്തിയും നിരവധി പദ്ധതികളാണ് മിൽമ നടപ്പാക്കി വരുന്നതെന്ന് ചെയർമാൻ കെ.എസ് മണി പറഞ്ഞു. കാലിത്തീറ്റ ചെലവ് കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചും അധിക പാൽവിലയും ആകർഷകമായ ഇൻസെൻറീവുകളും നൽകിയും ക്ഷീരകർഷകരെ ഒപ്പം നിർത്തുന്ന നടപടികളാണ് ഫെഡറേഷനും മേഖല യൂണിയനുകളും കൈക്കൊള്ളുന്നത്. വയനാട്ടിൽ ഉൾപ്പെടെ പ്രകൃതി ദുരന്ത, കാലാവസ്ഥാ പ്രതിസന്ധി ഘട്ടങ്ങളിലും നിർണായക ഇടപെടലുകൾ നടത്താനായി. ഉത്പന്നങ്ങളുടെ വിപണി വൈവിധ്യവത്കരണത്തിൻറെ ഭാഗമായി റീപൊസിഷനിങ് മിൽമ പദ്ധതി നടപ്പാക്കിയത് വിലയിലും ഗുണനിലവാരത്തിലും ഡിസൈനിലും പാക്കിംഗിലും ഏകീകൃത രൂപം നൽകി. മിൽമ ചോക്ലേറ്റും മറ്റ് ഇൻസ്റ്റൻറ് ഉത്പന്നങ്ങളും ഉൾപ്പെടെ പുറത്തിറക്കി വിപണിയുടെ മാറുന്ന താത്പര്യം തിരിച്ചറിഞ്ഞുകൊണ്ടുള്ള ഇടപെടലുകൾ നടത്താനും മിൽമയ്ക്ക് സാധിച്ചു. ഓണക്കാലത്ത് ആവശ്യത്തിന് പാലും പാലുൽപ്പന്നങ്ങളും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചതായും ചെയർമാൻ കൂട്ടിച്ചേർത്തു.

10 പ്രമേയങ്ങളാണ് യോഗത്തിൽ അവതരിപ്പിച്ചത്. ഉത്പാദന ചെലവ് കുറയ്ക്കുന്നതിനായി 12 മാസവും കാലിത്തീറ്റയ്ക്ക് സബ്സിഡി അനുവദിക്കൽ, കന്നുകാലികൾക്ക് ചുരുങ്ങിയ ചെലവിൽ വൈദ്യസഹായം ലഭ്യമാക്കൽ, പശുക്കളെ വാങ്ങുന്നതിനായി പലിശരഹിത വായ്പ അനുവദിക്കൽ, ക്ഷീരകർഷകരുടെയും കന്നുകാലികളുടെയും ഇൻഷുറൻസ്, 40 വയസ്സിൽ താഴെയുള്ള രണ്ട് അംഗങ്ങൾ ക്ഷീരസഹകരണ സംഘങ്ങളുടെ ഭരണസമിതിയിൽ തെരഞ്ഞെടുക്കപ്പെടേണ്ടതാണെന്ന ഭേദഗതിയിൽ ഇളവ് ലഭ്യമാക്കൽ, സംഘങ്ങളുടെ വസ്തുവിൻറെ ഫെയർവാല്യു, സംസ്ഥാനത്തെ നിലവിലുള്ള പശുക്കളുടെ എണ്ണം, പാൽ ഉൽപ്പാദന കണക്ക് എന്നിവ സംബന്ധിച്ചുള്ള സമഗ്ര സർവേ നടത്തൽ, സ്വകാര്യ വിതരണക്കാരിൽ നിന്ന് കേരളത്തിലെ ക്ഷീരകർഷകർക്കും സർക്കാരിനും പ്രയോജനം ലഭ്യമാക്കൽ, സംഘങ്ങൾ സ്ഥലം/വസ്തു വാങ്ങിയിട്ടുള്ളതിനും കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളതിനും സ്വീകരിച്ചിട്ടുള്ള നടപടികൾക്ക് സാധൂകരണം ലഭ്യമാക്കൽ എന്നീ വിഷയങ്ങളിലാണ് പ്രമേയം അവതരിപ്പിച്ചത്. തുടർനടപടികൾക്കായി ഇത് സർക്കാരിന് കൈമാറും.

മിൽമ ചെയർമാൻ കെ.എസ് മണി, എറണാകുളം മേഖല യൂണിയൻ ചെയർമാൻ എം.ടി ജയൻ, തിരുവനന്തപുരം മേഖല യൂണിയൻ ചെയർമാൻ മണി വിശ്വനാഥ്, മിൽമ എംഡി ആസിഫ് കെ യൂസഫ് തുടങ്ങിയവരുടെ നേതൃത്വത്തിൽ വയനാട്ടിലെ ഉരുൾപൊട്ടൽ ദുരിതബാധിത പ്രദേശത്തെ ക്ഷീരകർഷകരെ ഫെഡറേഷൻ അംഗങ്ങൾ സന്ദർശിച്ചു. ജനറൽ ബോഡി യോഗത്തിൽ പങ്കെടുത്ത അംഗങ്ങളുടെ സിറ്റിങ് ഫീസ് ചൂരൽമല ക്ഷീര സഹകരണ സംഘത്തിന് നൽകാനും തീരുമാനിച്ചു.



മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കേരള റിട്ടയേഡ് ജഡ്ജസ് അസോസിയേഷന്റെ വിഹിതമായ 29,16,001 രൂപ മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു

# എല്ലാ ജില്ലകളിലും സ്ട്രോക്ക് സെന്ററുകൾ യാഥാർത്ഥ്യമാക്കും: മന്ത്രി വീണാ ജോർജ്

## * രാജ്യത്ത് ആദ്യമായി മിഷൻ സ്ട്രോക്ക് നടപ്പിലാക്കി കേരളം

എല്ലാ ജില്ലകളിലും സ്ട്രോക്ക് സെന്ററുകൾ യാഥാർത്ഥ്യമാക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സംസ്ഥാനത്ത് മെഡിക്കൽ കോളേജുകൾക്ക് പുറമേ 12 ജില്ലകളിൽ ആരോഗ്യ വകുപ്പിന് കീഴിൽ നിലവിൽ സ്ട്രോക്ക് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. മലപ്പുറം, വയനാട് ജില്ലകളിൽ ഈ വർഷം തന്നെ സ്ട്രോക്ക് സെന്ററുകൾ യാഥാർത്ഥ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്ട്രോക്ക് ബാധിച്ചവർക്ക് ഗുണനിലവാരമുള്ള തുടർജീവിതം ഉറപ്പാക്കുന്നതിനായി ശാസ്ത്രീയവും സമയബന്ധിതവുമായ ചികിത്സ നൽകുന്നതിനുള്ള മികച്ച ആരോഗ്യ സംവിധാനങ്ങളാണ് ഏർപ്പെടുത്തി വരുന്നതെന്നും മന്ത്രി പറഞ്ഞു. രാജ്യത്ത് ആദ്യമായി നടപ്പിലാക്കുന്ന മിഷൻ സ്ട്രോക്ക് പരിശീലന പരിപാടി പത്തനംതിട്ടയിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

സമയബന്ധിതമായ ചികിത്സയിലൂടെ പക്ഷാഘാതം ബാധിച്ചവരെ ജീവിതത്തിലേക്ക് തിരികെയെത്തിക്കാൻ സാധിക്കും. അല്ലെങ്കിൽ ശരീരം തളർന്നു പോകുകയോ മരണം വരെ സംഭവിക്കുകയോ ചെയ്യും. അതിനാൽ ആരോഗ്യ പ്രവർത്തകർക്കുൾപ്പെടെ എല്ലാവർക്കും അവബോധം വളരെ പ്രധാനമാണ്. ഒരു പ്രദേശത്തെ എല്ലാ ആരോഗ്യ പ്രവർത്തകർക്കും സ്ട്രോക്കിനെപ്പറ്റിയുള്ള പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെയാണ് രാജ്യത്ത് ആദ്യമായി മിഷൻ സ്ട്രോക്ക് ആരംഭിച്ചത്. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ഇന്ത്യൻ അക്കാഡമി ഓഫ് ന്യൂറോളജിയും, കേരള അസോസിയേഷൻ ഓഫ് ന്യൂറോളജിസ്റ്റും, ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിട്യൂട്ടിന്റെ കോമ്പ്രിഹെൻസീവ് സ്ട്രോക്ക് കെയർ യൂണിറ്റും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇന്ത്യയിലെ രണ്ട് സംസ്ഥാനങ്ങളിൽ ആരംഭിക്കുന്ന ഈ പദ്ധതി കേരളത്തിൽ പത്തനംതിട്ട ജില്ലയിലാണ് തുടക്കം കുറിക്കുന്നത്. കോഴിക്കോട് ജില്ലയാണ് അടുത്തതായി തെരഞ്ഞെടുത്തിരിക്കുന്നത്. പദ്ധതിയുടെ ഭാഗമായി ഡോക്ടർമാർ ഉൾപ്പെടെയുള്ള 350 ഓളം ജീവനക്കാർക്ക് പരിശീലനം നൽകി.

ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന അധ്യക്ഷത വഹിച്ച ചടങ്ങിൽ ഇന്ത്യൻ ആക്കാദമി ഓഫ് ന്യൂറോളജി ജോയിന്റ് ട്രഷറർ വി.ജി. പ്രദീപ് കുമാർ വിഷയാവതരണം നടത്തി. ഇന്ത്യൻ ആക്കാദമി ഓഫ് ന്യൂറോളജി ട്രഷറർ ഡോ. അചൽ ശ്രീവാസ്തവ, കേരള അസോസിയേഷൻ ഓഫ് ന്യൂറോളജിസ്റ്റ് സെക്രട്ടറി ഡോ. സുരേഷ് കുമാർ, ന്യൂറോളജി വിഭാഗം പ്രൊഫ. ഡോ. പി.എൻ. സൈജ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എൽ. അനിത കുമാരി, എൻ.സി.ഡി. സംസ്ഥാന നോഡൽ ഓഫീസർ ഡോ. ബിപിൻ കെ. ഗോപാൽ, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. എസ്. ശ്രീകുമാർ, ഡെപ്യൂട്ടി ഡി.എം.ഒ. ഡോ. ഐപ്പ് ജോസഫ്, ന്യൂറോളജിസ്റ്റ് ഡോ. സ്റ്റാൻലി ജോർജ് തുടങ്ങിയവർ പങ്കെടുത്തു.

# വെല്ലുവിളിയായത് അപ്രതീക്ഷിത തടസ്സങ്ങൾ; ഖേദം പ്രകടിപ്പിച്ച് മന്ത്രി റോഷി അഗസ്റ്റിൻ

തിരുവനന്തപുരം : നാലു ദിവസം നഗരവാസികൾ കുടിവെള്ളം കിട്ടാതെ ദുരിതമനുഭവിച്ചതിൽ ഖേദം പ്രകടിപ്പിച്ച് മന്ത്രി റോഷി അഗസ്റ്റിൻ. നഗരത്തിലേക്കു കുടിവെള്ളം വിതരണം ചെയ്യുന്ന പ്രധാന പൈപ്പ് മാറ്റി സ്ഥാപിക്കുന്ന ജോലി പൂർത്തിയായി. രാത്രി പത്തോടെ ജലവിതരണം പുനഃസ്ഥാപിച്ചു. രാത്രിയോടെ എല്ലായിടത്തും വെള്ളമെത്തും. തിരുവനന്തപുരം നാഗർകോവിൽ പാതയിരട്ടിപ്പിക്കലിന്റെ ഭാഗമായി ജഗതി സിഐടി റോഡിലുള്ള പ്രധാന പൈപ്പാണ് മാറ്റി സ്ഥാപിച്ചത്. ഇരട്ടിപ്പിക്കുന്ന പാതയുടെ അടിയിലൂടെ പോകുന്ന പൈപ്പിന്റെ ബെൻഡ് ഒഴിവാക്കണമെന്ന റെയിൽവേയുടെ നിബന്ധനയെ തുടർന്നാണ് നഗരത്തിലേക്ക് കുടിവെള്ളം എത്തിക്കുന്ന 700 എംഎം ഡിഐ പൈപ്പ് പൈപ്പ് മാറ്റി സ്ഥാപിക്കേണ്ട സാഹചര്യമുണ്ടായതെന്നും മന്ത്രി പറഞ്ഞു.

48 മണിക്കൂറിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാം എന്നായിരുന്നു കണക്കുകൂട്ടൽ. നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കി വാൽവ് ഘടിപ്പിക്കുകയും ചെയ്തു. എന്നാൽ ലൈൻ ചാർജ് ചെയ്തപ്പോൾ വാൽവിൽ അപ്രതീക്ഷിതമായി സംഭവിച്ച ചോർച്ചയാണ് പ്രതിസന്ധിയിലേക്ക് തള്ളിവിട്ടത്. വാൽവ് ഊരി വീണ്ടും ഘടിപ്പിക്കുക മാത്രമായിരുന്നു പോംവഴി. ഇതിനാകട്ടെ ചാർജ് ചെയ്തപ്പോൾ പൈപ്പിൽ നിറഞ്ഞിരുന്ന വെള്ളം മുഴുവൻ മാറ്റേണ്ടിയിരുന്നു. ലൈനിലെ വെള്ളം നീക്കം ചെയ്തതിനു ശേഷമാണ് ജോലി പുനഃരാരംഭിക്കാനായത്. വെള്ളം നീക്കം ചെയ്യുന്നതിന് 7 മണിക്കൂറോളം വേണ്ടി വന്നു. പ്രവൃത്തി നീണ്ടുപോകുന്നതിന് ഇതും കാരണമായി. തുടർന്ന് പൈപ്പും ബെന്റുകളും സ്ഥാപിച്ചു വാൽവ് മാത്രം സ്ഥാപിക്കേണ്ട ജോലി വരെ പൂർത്തിയാക്കി.

ദ്രുതഗതിയിൽ ജോലി തീർക്കുന്നതിന്റെ ഭാഗമായി ഇരുവശത്തുനിന്നും പൈപ്പ് സ്ഥാപിച്ചു. അതിനിടെ പൈപ്പുകൾ യോജിപ്പിക്കുന്ന സ്ഥലത്ത് അലൈൻമെന്റിൽ മൂന്നു സെന്റിമീറ്റർ വ്യത്യാസം വന്നു. ഇതു പരിഹരിക്കുന്നതിന് മണ്ണു നീക്കം ചെയ്തു ലെവൽ ആക്കുന്നതിനിടെ ചുവടു ഭാഗത്തെ മണ്ണിടിഞ്ഞതോടെ വീണ്ടും പ്രതിസന്ധിയായി. പിന്നീട് ഈ മണ്ണ് നീക്കം ചെയ്തു വാൽവ് ഘടിപ്പിക്കുകായിരുന്നു. മുൻകൂട്ടി കാണാൻ സാധിക്കാത്ത തടസ്സങ്ങൾ ഉണ്ടായതാണ് പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിൽ കാലതാമസം സംഭവിക്കാൻ കാരണമായത്. പ്രതിസന്ധിയുടെ വിവരം അറിഞ്ഞയുടൻ മന്ത്രി വി.ശിവൻകുട്ടി ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർത്തിരുന്നു.

ശനിയാഴ്ച രാത്രി 11 മണിയോടെ പ്രവൃത്തിസ്ഥലത്ത് എത്തിയിരുന്നു. പുലർച്ചെ രണ്ടര വരെ അവിടെ തുടർന്നു. ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥരും ഒപ്പമുണ്ടായിരുന്നു. രാവിലെ പത്തു മണിയോടെ വീണ്ടും എത്തുകയും ആവശ്യമെങ്കിൽ കൂടുതൽ ജോലിക്കാരെ നിയോഗിച്ച് എത്രയും വേഗം പണി പൂർത്തിയാക്കാൻ നിർദേശിക്കുകയും ചെയ്തു. ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ടിൽ ഖേദിക്കുന്നു. സാഹചര്യം മനസ്സിലാക്കി സഹകരിച്ച ഏവർക്കും നന്ദി. എംഎൽഎമാരായ കടകംപള്ളി സുരേന്ദ്രൻ, ആന്റണി രാജു, വി.കെ.പ്രശാന്ത്, മേയർ ആര്യാ രാജേന്ദ്രൻ തുടങ്ങിയവർ പ്രതിസന്ധി ഒഴിവാക്കുന്നതിന് മുഴുവൻ സമയവും രംഗത്തുണ്ടായിരുന്നു. മുഴുവൻ സമയവും ക്യാംപ് ചെയ്ത ജോയിന്റ് എംഡി ഡോ. ബിനു ഫ്രാൻസിസിന്റെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥരെ അഭിനന്ദിക്കുന്നതായും മന്ത്രി പറഞ്ഞു.

# അളവ്, തൂക്ക പരാതികൾ അറിയിക്കാൻ ലീഗൽ മെട്രോളജി വകുപ്പ് കൺട്രോൾ റൂം തുറന്നു

അളവ് തൂക്ക സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിന് തിരുവനന്തപുരം ജില്ല ആസ്ഥാനം കേന്ദ്രീകരിച്ച് ലീഗൽ മെട്രോളജി വകുപ്പ് കൺട്രോൾ റൂം പ്രവർത്തനമാരംഭിച്ചു. ഉപഭോക്താക്കൾക്ക് പരാതികൾ ലീഗൽ മെട്രോളജി വകുപ്പിനെ സുതാര്യം മൊബൈൽ ആപ്പിലൂടെയും ജില്ലാ കേന്ദ്രത്തിലും താലൂക്ക് കേന്ദ്രങ്ങളിലും താഴെപ്പറയുന്ന ഫോൺ നമ്പറുകളിലും അറിയിക്കാവുന്നതാണ്. കൺട്രോൾ റൂം: 9188525701, 8281698011, 8281698020. താലൂക്കുകൾ: തിരുവനന്തപുരം: 8281698012, 8281698013. ആറ്റിങ്ങൽ: 8281698015. നെടുമങ്ങാട്: 8281698016. നെയ്യാറ്റിൻകര: 8281698017, 8281698018. കാട്ടാക്കട: 9400064081. വർക്കല: 9400064080.

# ക്ലിനിക്കൽ സൈക്കോളജിസ്റ്റ് താത്കാലിക ഒഴിവ്

തിരുവനന്തപുരം മെഡിക്കൽ കോളജ് ചൈൽഡ് ഡെവലപ്മെന്റ് സെന്ററിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ താത്കാലിക ഒഴിവിൽ 10 ന് നടത്താനിരുന്ന വാക്ഇൻ ഇന്റർവ്യൂ 13 ലേക്ക് മാറ്റി.

# വയനാട് ദുരന്തബാധിതർക്ക് ധനസഹായം വിതരണം ചെയ്തു

വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതരായ അംഗങ്ങൾക്കും പെൻഷണർമാർക്കും കുടിയേറ്റ തൊഴിലാളികൾക്കും കെട്ടിടനിർമ്മാണ ക്ഷേമ ബോർഡിന്റെ ആശ്വാസ ധനസഹായം വിതരണം ചെയ്തു. മരണമടഞ്ഞ അംഗങ്ങളുടെ ആശ്രിതർക്ക് 4 ലക്ഷം രൂപയും പെൻഷണർമാരുടെ ആശ്രിതർക്ക് 1 ലക്ഷം രൂപയും പരിക്കേറ്റ അംഗങ്ങൾക്ക് 50,000 രൂപയും മറ്റ് രീതിയിൽ ദുരന്തം ബാധിച്ചവർക്ക് 5000 രൂപയുമാണ് ആശ്വാസ ധനസഹായമായി നൽകിയത്. മരണമടഞ്ഞ അന്യസംസ്ഥാന തൊഴിലാളികളുടെ ആശ്രിതർക്ക് 2 ലക്ഷം രൂപയും വിതരണം ചെയ്തു. 32 പേർക്കായി 15,35,000 രൂപയുടെ ധനസഹായമാണ് ആദ്യഘട്ടത്തിൽ ബോർഡ് വിതരണം ചെയ്തത്. കൽപ്പറ്റ ഹരിതഗിരി ഹോട്ടലിൽ നടന്ന ചടങ്ങ് ബോർഡ് ചെയർമാൻ വി. ശശികുമാർ ഉദ്ഘാടനം ചെയ്തു. സെക്രട്ടറി കെ.എം. സുനിൽ അധ്യക്ഷനായിരുന്നു. ബോർഡ് ഡയറക്ടർമാരായ മണ്ണാറം രാമചന്ദ്രൻ, തമ്പി കണ്ണാടൻ, സലിം തെന്നിലപുരം, റ്റി.എം. ജമീല, പ്രശാന്ത്, അക്കൗണ്ട്സ് ഓഫീസർ ശാലീന ഡി.എൽ, എക്സിക്യൂട്ടീവ് ഓഫീസർ ബിജു പി, വിവിധ തൊഴിലാളി യൂണിയൻ പ്രതിനിധികൾ എന്നിവർ സംസാരിച്ചു.



# ഇസ്രയേൽ ആക്രമണം ശക്തം; ഗാസയിൽ 61 മരണം കൂടി

ഗാസ : ജബാലിയയിലെ അഭയാർഥി ക്യാംപിൽ ഉൾപ്പെടെ ഇസ്രയേൽ സേന നടത്തിയ ആക്രമണങ്ങളിൽ 61 പലസ്തീൻകാർ കൊല്ലപ്പെട്ടു. 11 മാസം പിന്നിട്ട ഇപ്പോഴത്തെ സംഘർഷം അവസാനിപ്പിക്കാൻ യുഎസ് ഉൾപ്പെടെയുള്ള രാജ്യങ്ങൾ നയതന്ത്രശ്രമങ്ങൾ നടത്തുന്നതിനിടെയാണ് ഇസ്രയേൽ ആക്രമണം ശക്തമാക്കിയത്. ജബാലിയയിലെ ഹലിമ അൽ സാദിയ സ്കൂളിലെ അഭയാർഥി ക്യാംപിൽ ബോംബാക്രമണത്തിൽ 8 പേർ കൊല്ലപ്പെട്ടു. 15 പേർക്കു പരുക്കേറ്റു. നുസീറത്തിൽ 2 ആക്രമണങ്ങളിലായി 9 പേർ കൊല്ലപ്പെട്ടു. ദെയറൽ ബലാഹിൽ ബോംബു വീണ് ഒരു വീടു തകർന്ന് അമ്മയും 2 കുഞ്ഞുങ്ങളും കൊല്ലപ്പെട്ടു.

ഗാസയിൽ 10 മാസം പ്രായമുള്ള കുഞ്ഞിനു പോളിയോ ബാധിച്ചതായി കണ്ടതിനെത്തുടർന്ന് ലോകാരോഗ്യ സംഘടനയുടെ നേതൃത്വത്തിൽ ആരംഭിച്ച 9 ദിന പോളിയോ വാക്സിനേഷൻ യജ്ഞം രണ്ടാം ഘട്ടം പൂർത്തിയാക്കി. 6,40,000 കുഞ്ഞുങ്ങൾക്ക് പോളിയോ മരുന്നു നൽകാനുള്ള യജ്ഞത്തിൽ പകുതിയോളം നൽകാനായി. നാളെ മൂന്നാം ഘട്ടത്തിൽ തെക്കൻ ഗാസയിലെ ഖാൻ യൂനിസ്, റഫ നഗരങ്ങളിൽ കൂടുതൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. വാക്സിനേഷൻ നടക്കുന്ന പ്രദേശങ്ങളിൽ വെടിനിർത്തലിന് ഹമാസും ഇസ്രയേലും ധാരണയായിരുന്നു. ഇതേസമയം, വെസ്റ്റ് ബാങ്കിലെ സൈനിക നടപടി താൽക്കാലികമായി അവസാനിപ്പിച്ചതായി ഇസ്രയേൽ സേന അറിയിച്ചു.

ഗാസയിൽ വെടിനിർത്തൽ യാഥാർഥ്യമാക്കുന്നതിന് സംയുക്തശ്രമം നടത്തുന്നതായി യുഎസ്, ബ്രിട്ടിഷ് രഹസ്യാന്വേഷണ ഏജൻസികളുടെ തലവന്മാർ അറിയിച്ചു. ഇരുകൂട്ടർക്കും സ്വീകാര്യമായ പുതിയ നിർദേശം ഉടൻ മുന്നോട്ടുവയ്ക്കുമെന്ന് സിഐഎ ഡയറക്ടർ വില്യം ബേൺസും എംഐ6 തലവൻ റിച്ചഡ് മൂറും ചർച്ചകൾക്കുശേഷം ലണ്ടനിൽ അറിയിച്ചു. 11 മാസം പിന്നിട്ട ഹമാസ് ഇസ്രയേൽ സംഘർഷത്തിൽ മരിച്ചവരുടെ എണ്ണം 40,939 ആയി. പരുക്കേറ്റവർ 94,616.